17
2025
ഒക്ടോബർ
വെള്ളി
കന്നി 31

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 262 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-262 പേജ് 4. വില 2.00 രൂപ

02 കളിക്കളത്തിന് നാളെ തിരുവനന്തപുരത്ത് തുടക്കം

03 ശംഖുമുഖത്തെ നിർമ്മാണ പ്രവർത്തനം തീരത്തിനു ഭീഷണിയാവും

04 അമൽ ബാബുവിന്റെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും

# സ്വകാര്യ സംരംഭകർക്ക് സുവർണാവസരമൊരുക്കി കേരളാ മാരിടൈം ബോർഡ് പദ്ധതികൾ

തുറമുഖ വകുപ്പിന് കീഴിൽ നിഷ്ക്രിയമായി കിടക്കുന്ന ആസ്തികൾ സ്വകാര്യ പങ്കാളിത്തത്തോടെ വാണിജ്യ ആവശ്യങ്ങൾക്കായി വികസിപ്പിക്കാൻ പദ്ധതികളുമായി കേരളാ മാരിടൈം ബോർഡ്.

തുറമുഖമായി വികസിപ്പിക്കുവാൻ കഴിയാത്ത തുറമുഖ ഭൂമികൾ, കെട്ടിടങ്ങൾ, യന്ത്ര സാമഗ്രികൾ ഇവയെല്ലാം വാണിജ്യ ആവശ്യങ്ങൾക്കായി വിനിയോഗിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാനുമുള്ള പദ്ധതികളാണ് മാരിടൈം ബോർഡ് നടപ്പിലാക്കുന്നത്. ആദ്യ ഘട്ടമായി വിഭാവനം ചെയ്ത പദ്ധതികൾ ടെണ്ടർ നടപടികളിലേക്ക് കടന്നുകഴിഞ്ഞു. പുതിയ പദ്ധതികൾക്കായി താൽപര്യപത്രവും ക്ഷണിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് ബോർഡ്.

KERALA MARITIME BOARD

തുറമുഖ വികസനം, മാരിടൈം വിദ്യാഭ്യാസം, മാരിടൈം ടൂറിസം, മാരിടൈം വ്യവസായം, ലോജിസ്റ്റിക്സ് മേഖലകൾക്ക് ഊന്നൽ നൽകിയാണ് നൂതന പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. കോഴിക്കോട് കടൽത്തീരത്തുള്ള വിവിധ തുറമുഖ ഭൂമികൾ, പോർട്ട് ബംഗ്ലാവ്, നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്, കൊല്ലം ആശ്രാമം കെ.ടി.ഡി.സി. കെട്ടിടത്തിന് സമീപമുള്ള തുറമുഖ ഭൂമിയിലെ മാരിടൈം ടൂറിസം പദ്ധതി, മലപ്പുറം പൊന്നാനി, കാസർഗോഡ് തളങ്കര എന്നിവിടങ്ങളിലെ മാരിടൈം ടൂറിസം പദ്ധതി, വലിയതുറ തുറമുഖ ഭൂമി, പൊന്നാനിയിലെ മാരിടൈം ഇൻഡസ്ട്രി പദ്ധതി, നോൺ മേജർ തുറമുഖങ്ങൾ കേന്ദ്രീകരിച്ചുള്ള ക്രൂയിസ് ടൂറിസം പദ്ധതി, വലിയതുറ ടൂറിസം പദ്ധതി, തലശ്ശേരി ടൂറിസം പദ്ധതി തുടങ്ങിയ പദ്ധതികളാണ് ടെണ്ടർ നടപടികളിൽ എത്തിനിൽക്കുന്നത്.

അടുത്ത ഘട്ടമായി വിഴിഞ്ഞത്തുള്ള തുറമുഖ ഭൂമി, അഴിക്കൽ ലൈറ്റ് ഹൗസ് പദ്ധതി, ആശ്രാമം സ്റ്റേഡിയത്തിന് സമീപമുള്ള തുറമുഖ ഭൂമി എന്നിവ വികസിപ്പിക്കുവാനുള്ള ആലോചനകൾ ബോർഡ് തലത്തിൽ നടക്കുന്നുണ്ട്. ഇതോടൊപ്പം മാരിടൈം ബോർഡിന് കീഴിലുള്ള കോവളം-വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴിക്കൽ തുറമുഖങ്ങളുടെ പ്രവർത്തനം വിഴിഞ്ഞം തുറമുഖം മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനുള്ള ബോർഡിന്റെ നിർദേശം സർക്കാരിന്റെ പരിഗണനയിലാണ്.

സ്വകാര്യ പങ്കാളിത്തത്തോടെ വികസന പദ്ധതികൾ നടപ്പിലാക്കി സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും തൊഴിൽ സാധ്യതയ്ക്കും വലിയ സംഭാവന നൽകുന്ന പദ്ധതികൾക്കാണ് കേരളാ മാരിടൈം ബോർഡ് പ്രാധാന്യം നൽകുന്നത്. സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങളുടെ നടത്തിപ്പും തുറമുഖ ഭൂമികളുടെയും മറ്റ് ആസ്തികളുടെയും വികസനവും ലക്ഷ്യമാക്കി 2017 ലാണ് കേരളാ മാരിടൈം ബോർഡ് ആക്ട് പ്രകാരം കേരളാ മാരിടൈം ബോർഡ് രൂപംകൊണ്ടത്.

# കാലിക്കട്ട് സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് റദ്ദാക്കി വിസി

കോഴിക്കോട്: കാലിക്കട്ട് സർവകലാശാല കാമ്പസിൽ നടന്ന ഡിപ്പാർട്മെൻറ് യൂണിയൻ തെരഞ്ഞെടുപ്പ് റദ്ദാക്കി വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ. തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ഡിപ്പാർട്ട്മെൻറ് യൂണിയനുകളുടെ പ്രവർത്തനം തൽക്കാലം നിർത്തിവയ്ക്കാനും വൈസ് ചാൻസലർ ഉത്തരവിട്ടു.

തെരഞ്ഞെടുപ്പ് സംഘർഷത്തിൽ വിശദമായ അന്വേഷണത്തിന് സീനിയർ അധ്യാപകരുടെ കമ്മിറ്റിയും വിസി രൂപീകരിച്ചു. വോട്ടർ പട്ടികയിലെ ക്രമക്കേട് ഡിപ്പാർട്മെൻറൽ സ്റ്റുഡൻസ് യൂണിയൻ തെരഞ്ഞെടുപ്പ് നീളും.

വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പിലെ സംഘർഷത്തെ തുടർന്ന് കാമ്പസ് അടച്ചിട്ടിരിക്കുകയാണ്. വോട്ടെണ്ണൽ നിർത്തിവയ്ക്കാനുള്ള വിസിയുടെ നിർദേശം അനുസരിച്ച് ബാലറ്റ് പേപ്പറുകൾ യൂണിവേഴ്സിറ്റിയിൽ സീൽ ചെയ്ത് സൂക്ഷിച്ചിരിക്കുകയാണ്.

സീരിയൽ നമ്പറും റിട്ടേണിംഗ് ഓഫീസറുടെ ഒപ്പും പതിക്കാതെ ബാലറ്റ് പേപ്പറുകൾ നൽകിയത് വോട്ടിംഗിൽ കൃത്രിമം കാണിക്കാനാണെന്ന ഒരു വിഭാഗം വിദ്യാർഥികളുടെ പരാതിയാണ് സംഘർഷത്തിൽ കലാശിച്ചത്. പരാതിയിൽ ബന്ധപ്പെട്ടവരിൽ നിന്ന് വിസി വിശദീകരണം തേടിയിരുന്നു.

# മുതലപ്പൊഴിയിൽ വള്ളത്തിൽ നിന്ന് തെറിച്ചു കടലിൽ വീണ യുവാവിന്റെ മൃതദേഹം കണ്ടെത്തി

തിരുവനന്തപുരം: മുതലപ്പൊഴിയിൽ വള്ളത്തിൽ നിന്ന് തെറിച്ചു കടലിൽ വീണ് കാണാതായ പെരുമാതുറ വലിയവിളാകം സ്വദേശി സജീറിന്റെ മകൻ ഷഹാന്റെ(19) മൃതദേഹം കണ്ടെത്തി.

ബുധനാഴ്ചയാണ് മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങി വരവേ തിരയിൽ പെട്ട് ഷഹാൻ വള്ളത്തിൽ നിന്നും തെറിച്ചു കടലിൽ വീണത്. നേവിയും കോസ്റ്റ്ഗാർഡും പ്രദേശത്തെ മത്സ്യത്തൊഴിലാളികളും ചേർന്ന് നടത്തിയ തെരച്ചിലിനൊടുവിലാണ് പുലിമുട്ടിന് സമീപത്തായി മൃതദേഹം കണ്ടെത്തിയത്.

പെരുമാതുറ സ്വദേശി ഷാക്കിറിന്റെ ഉടമസ്ഥതയിലുള്ള ഹസ്ബി റബ്ബി യെന്ന കാരിയർ വള്ളമാണ് ഇന്നലെ അപകടത്തിൽപ്പെട്ടത്. മീനുമായി മടങ്ങിവരുമ്പോൾ അഴിമുഖത്ത് തിരയിൽപ്പെട്ട വള്ളത്തിൽനിന്ന് ഷഹാൻ തെറിച്ചുവീഴുകയായിരുന്നു. ഷഹാനൊപ്പം വള്ളത്തിലുണ്ടായിരുന്ന അൽ അമീൻ സുരക്ഷിതമായി തീരത്തെത്തിയിരുന്നു. പിന്നാലെയാണ് തിരച്ചിലാരംഭിച്ചത്. മൃതദേഹം മെഡിക്കൽ കോളജ് മോർച്ചറിയിലേക്ക് മാറ്റി.

# ഹമാസ് നിരായുധീകരണം നടപ്പാക്കണം, വെടിനിർത്തൽ ധാരണ ലംഘിച്ചാൽ പ്രതികരിക്കും: ട്രംപ്

വാഷിംഗ്ടൺ ഡിസി: ഹമാസ് നിരായുധീകരണം നടപ്പാക്കണമെന്നും വെടിനിർത്തൽ ധാരണ ഹമാസ് ലംഘിച്ചാൽ പോരാട്ടം പുനരാരംഭിക്കാൻ ഇസ്രയേലിന് അനുമതി നൽകുന്നത് പരിഗണിക്കുമെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഹമാസിനെ ആയുധമുക്തമാക്കാൻ യുഎസ് സൈന്യത്തിന്റെ ആവശ്യമില്ലെനനും ട്രംപ് പറഞ്ഞു.

രണ്ടു വർഷമായി തുടരുന്ന യുദ്ധത്തിന് അവസാനം കുറിച്ച് ഇക്കഴിഞ്ഞ 13നാണ് ഗാസ സമാധന കരാർ ഒപ്പിട്ടത്. ഈജിപ്തിലെ ഷാമെൽ ഷെയ്ഖിൽ ട്രംപിന്റെയും ഈജിപ്ത് പ്രസിഡൻറ് അബ്ദുൽ ഫത്താ അൽ സിസിയുടെയും അധ്യക്ഷതയിൽ ഇരുപതോളം ലോകനേതാക്കൾ പങ്കെടുത്ത ഉച്ചകോടിയിലാണ് സമാധാന കരാർ ഒപ്പിട്ടത്.

കരാർ പ്രകാരം ഇസ്രയേൽ സൈന്യം പിൻവാങ്ങി. എന്നാൽ ഗാസയിൽ പിടിമുറുക്കിയ ഹമാസ് വിമതവിഭാഗത്തിൽപ്പെട്ട ഏഴുപേരെ തെരുവിൽ പരസ്യമായി വെടിവച്ചുവീഴ്ത്തിയിരുന്നു. ഇതിനു പിന്നാലെയാണ് കരാർ പ്രകാരം ഹമാസ് നിരായുധീകരണം നടപ്പാക്കണമെന്ന് ട്രംപ് ആവശ്യപ്പെട്ടത്.

# ജംബോ പട്ടിക പ്രഖ്യാപിച്ച് കെപിസിസി 13 വൈസ് പ്രസിഡന്റുമാർ, 59 ജനറൽ സെക്രട്ടറിമാർ; സന്ദീപ് വാരിയർ പട്ടികയിൽ

ന്യൂഡൽഹി : കെപിസിസി പുനഃസംഘടന പട്ടിക പ്രഖ്യാപിച്ച് കോൺഗ്രസ് ഹൈക്കമാൻഡ്. 13 വൈസ് പ്രസിഡന്റുമാർ, 59 ജനറൽ സെക്രട്ടറിമാർ എന്നിവരടങ്ങുന്നതാണ് പട്ടിക. വി.എ. നാരായണൻ ആണ് ട്രഷറർ. എംപിമാരായ രാജ്മോഹൻ ഉണ്ണിത്താൻ, വി.കെ.ശ്രീകണ്ഠൻ, ഡീൻ കുര്യാക്കോസ് എന്നിവരെ രാഷ്ട്രീയകാര്യ സമിതിയിൽ ഉൾപ്പെടുത്തി.

പന്തളം സുധാകരൻ, സി.പി.മുഹമ്മദ്, എ.കെ. മണി എന്നിവരും പുതിയ രാഷ്ട്രീയകാര്യ സമിതി അംഗങ്ങളാണ്. ടി.ശരത്ചന്ദ്ര പ്രസാദ്, ഹൈബി ഈഡൻ, പാലോട് രവി, വി.ടി.ബൽറാം, വി.പി. സജീന്ദ്രൻ, മാത്യു കുഴൽനാടൻ, ഡി. സുഗതൻ, രമ്യ ഹരിദാസ്, എം.ലിജു, എ.എ.ഷുക്കൂർ, എം.വിൻസന്റ്, റോയ് കെ.പൗലോസ്, ജയ്സൺ ജോസഫ് എന്നിവരാണ് വൈസ് പ്രസിഡന്റുമാർ. പാലക്കാട് ഉപതിരഞ്ഞെടുപ്പ് സമയത്ത് ബിജെപി വിട്ട് കോൺഗ്രസിൽ ചേർന്ന സന്ദീപ് വാരിയർ ജനറൽ സെക്രട്ടറിയായി പട്ടികയിൽ ഇടംപിടിച്ചു. കെപിസിസി സെക്രട്ടറിമാരെ പ്രഖ്യാപിക്കാതെയാണ് ഭാരവാഹി പട്ടിക ദേശീയ നേതൃത്വം പുറത്തിറക്കിയിരിക്കുന്നത്.

എഐസിസി പുറത്തിറക്കിയ പട്ടിക പുറത്തുവന്ന് ഒന്നര മണിക്കൂർ കഴിഞ്ഞ്, ജനറൽ സെക്രട്ടറി വിഭാഗത്തിൽ കോട്ടയം മുൻ ഡിസിസി പ്രസിഡന്റ് ജോഷി ഫിലിപ്പിന്റെ പേര് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് വാർത്താക്കുറിപ്പിറക്കി. ക്ലറിക്കൽ മിസ്റ്റേക്കിനെ തുടർന്നാണ് പട്ടികയിൽ അദ്ദേഹത്തിന്റെ പേര് ഉൾപ്പെടാതെ പോയത് എന്നായിരുന്നു കെപിസിസി അധ്യക്ഷന്റെ വിശദീകരണം.

## ദിനിൽ ബാബുവിനെതിരെ നിയമ നടപടിയുമായി വേഫെറർ ഫിലിംസ്

കൊച്ചി: സിനിമയിൽ അഭിനയിക്കാനെന്ന പേരിൽ വിളിച്ചു വരുത്തി യുവതിയെ പീഡിപ്പിക്കാൻ ശ്രമിച്ചെന്ന ആരോപണത്തിൽ ചീഫ് അസോസിയേറ്റ് ഡയറക്ടർ ദിനിൽ ബാബുവിനെതിരെ നിയമ നടപടിയുമായി ദുൽഖർ സൽമാന്റെ വേഫറെർ ഫിലിംസ്.

കാസ്റ്റിംഗ് കൗച്ചിന്റെ പേരിൽ വേഫെറർ ഫിലിംസിനെ അപകീർത്തിപ്പെടുത്തിയതിനാണ് പരാതി. തേവര പോലീസ് സ്റ്റേഷനിലും മലയാളത്തിലെ സിനിമാ സാങ്കേതിക പ്രവർത്തകരുടെ സംഘടനയായ ഫെഫ്കയിലുമാണ് നിർമാണക്കമ്പനി പരാതി നൽകിയത്.

എറണാകുളം സൗത്ത് പോലീസ് കേസ് രജിസ്റ്റർ ചെയ്ത അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ദിനിൽ ബാബുവുമായി വേഫെറർ ഫിലിംസിനു യാതൊരു ബന്ധവും ഇല്ലെന്ന് കമ്പനി വ്യക്തമാക്കി.

വേഫെററിന്റെ ഒരു ചിത്രത്തിലും ദിനിൽ ഭാഗമല്ല എന്നും അവർ അറിയിച്ചു.

## മയക്കുമരുന്ന് നൽകി കോളജ് അധ്യാപികയെ കൂട്ടബലാത്സംഗം ചെയ്തു; പ്രതികൾ അറസ്റ്റിൽ

കൊച്ചി: കോളജ് അധ്യാപികയായിരുന്ന യുവതിയെ എംഡിഎംഎ നൽകി ബോധം കെടുത്തി കൂട്ട ബലാത്സംഗം ചെയ്ത സംഭവത്തിൽ രണ്ട് യുവാക്കൾ അറസ്റ്റിൽ.

മലപ്പുറം വടക്കേപ്പുറത്ത് വീട്ടിൽ ഫിറോസ് (28), കോട്ടയം പുത്തൻ പറമ്പിൽ വീട്ടിൽ മാർട്ടിൻ ആൻറണി (27 ) എന്നിവരെയാണ് കളമശേരി പോലീസ് അറസ്റ്റ് ചെയ്തത്. തിങ്കളാഴ്ച രാത്രിയാണ് മലപ്പുറം സ്വദേശിനിയായ കോളജ് അധ്യാപിക പരാതിയുമായി കളമശേരി പോലീസിനെ സമീപിച്ചത്. നെടുമ്പാശേരിയിലെയും കളമശേരിയിലെയും ഫ്ലാറ്റിലാണ് പീഡനം നടന്നത്.

ബലം പ്രയോഗിച്ച് എംഡിഎംഎയും കഞ്ചാവും നൽകി ബോധം കെടുത്തി ലൈംഗീകമായി പീഡിപ്പിച്ചെന്നാണ് പരാതിയിൽ പറയുന്നത്. ഒറ്റയ്ക്കും കൂട്ടായും നിരവധി തവണ ബലാത്സംഗം ചെയ്തെന്നും പരാതിയിലുണ്ട്.

യുവതി ഒരു ആഘോഷ പരിപാടിയിലാണ് പ്രതികളെ പരിചയപ്പെട്ടത്. യൂസ്ഡ് കാർ വിൽപ്പനയും റെൻറ് എ കാർ ബിസിനസും നടത്തുന്നവരാണ് പ്രതികൾ.

## നിമിഷപ്രിയയുടെ മോചനം: പുതിയ മധ്യസ്ഥനെ നിയോഗിച്ചെന്ന് കേന്ദ്രം സുപ്രീം കോടതിയിൽ

ന്യൂഡൽഹി: നിമിഷപ്രിയയുടെ മോചനവുമായി ബന്ധപ്പെട്ട വിഷയത്തിൽ ചർച്ചകൾക്കായി പുതിയ മധ്യസ്ഥനെ നിയോഗിച്ചെന്ന് കേന്ദ്രം സുപ്രീം കോടതിയിൽ. നേരത്തെ ഹർജി നൽകിയ കെ. എ. പോൾ ആണോ എന്ന കോടതിയുടെ ചോദ്യത്തിന് അല്ലെന്നാണ് കേന്ദ്രം മറുപടി നൽകിയത്.

## വിമാനത്താവളത്തിൽ യുവതിയെ ആക്രമിച്ച യുവാവ് അറസ്റ്റിൽ

കൊച്ചി: വിമാനത്താവളത്തിൽ യുവതിയെ ആക്രമിച്ച കേസിൽ യുവാവ് അറസ്റ്റിൽ. നിലമ്പൂർ സ്വദേശിയും ലോർഡ് കൃഷ്ണ ഫ്ലാറ്റിൽ താമസക്കാരനുമായ മുരിങ്ങാമ്പിള്ളി വീട്ടിൽ സെബിൻ ബെന്നി (30)യെയാണ് നെടുമ്പാശേരി പോലീസ് അറസ്റ്റ് ചെയ്തത്. അന്താരാഷ്ട്ര ടെർമിനലിലെ കാർ പാർക്കിംഗ് ഏരിയയിൽ വച്ചായിരുന്നു ഇയാൾ യുവതിയെ മർദിച്ചത്. യുവതിയെ തടഞ്ഞു നിർത്തി കഴുത്തിനു കുത്തിപ്പിടിക്കുകയും നിലത്ത് തള്ളിയിട്ട് ധരിച്ചിരുന്ന തിരിച്ചറിയൽ കാർഡും എൻട്രി പാസും ബലമായി പിടിച്ചുപറിച്ചു കൊണ്ടുപോവുകയുമായിരുന്നുവെന്ന് പരാതിയിൽ പറയുന്നു. ഇൻസ്പെക്ടർ എം.എച്ച്. അനുരാജ്, എസ്ഐ എസ്. എസ് ശ്രീലാൽ, എഎസ്ഐ റോണി അഗസ്റ്റിൻ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ പിടികൂടിയത്.



# ഉപഭോക്തൃ വിലസൂചിക പുതുക്കൽ: കുടുംബ ബജറ്റ് സർവേയ്ക്ക് ഇന്ന് തുടക്കം

തിരുവനന്തപുരം: കുടുംബ ബജറ്റ് സർവേ 2025–2026ന് ഇന്ന് കേരളത്തിൽ തുടക്കമാകും. തിരുവനന്തപുരം തൈക്കാട് റെസ്റ്റ് ഹൗസിൽ ഇന്ന് ഉച്ചയ്ക്ക് 12ന് നടക്കുന്ന ചടങ്ങിൽ തൊഴിൽ മന്ത്രി വി. ശിവൻകുട്ടി സർവേയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും.

തൊഴിലാളികളുടെ യഥാർഥ ജീവിതച്ചെലവ് പ്രതിഫലിക്കുന്ന തരത്തിൽ ഉപഭോക്തൃ വിലസൂചിക പുതുക്കുന്നതിനായാണ് സർവേ. സംസ്ഥാനത്തെ കാർഷിക, വ്യാവസായിക തൊഴിലാളികളുടെ മിനിമം വേതനത്തിലെ ഒരു പ്രധാന ഘടകമായ ക്ഷാമബത്ത പുതുക്കുന്നത് ഉപഭോക്തൃ വില സൂചികയെ കൂടി അടിസ്ഥാനപ്പെടുത്തിയാണ് എന്നത് ഇതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നതാണെന്ന് മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. നിലവിൽ 2011–12 വർഷത്തെ ഉപഭോഗ രീതി അടിസ്ഥാനമാക്കിയുള്ള സൂചികയാണ് നമ്മൾ ഉപയോഗിക്കുന്നത്. എന്നാൽ കഴിഞ്ഞ പതിറ്റാണ്ടിൽ ജനങ്ങളുടെ ജീവിതരീതിയിലും ഉപഭോഗത്തിലും വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ സൂചിക പുതുക്കണമെന്നത് തൊഴിലാളി സംഘടനകളുടെയും മിനിമം വേജസ് ഉപദേശക സമിതിയുടെയും ദീർഘനാളത്തെ ആവശ്യമായിരുന്നു. ഈ ആവശ്യമാണ് സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്നത്.

2025–26 അടിസ്ഥാന വർഷമായി പുതിയ കുടുംബ ബജറ്റ് സർവേ നടത്താൻ തൊഴിൽ വകുപ്പ് സാന്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് നിർദ്ദേശം നൽകി. സർവേയുടെ നടത്തിപ്പിനായി 1,13,90, 000 രൂപ തൊഴിൽ വകുപ്പ് അനുവദിച്ചു. സർവേയുടെ മേൽനോട്ടത്തിനായി തൊഴിലാളി, തൊഴിലുടമ, ഉദ്യോഗസ്ഥ, വിദഗ്ധ പ്രതിനിധികൾ ഉൾപ്പെടുന്ന 21 അംഗ സംസ്ഥാനതല 'കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റി' രൂപീകരിച്ച് സർക്കാർ ഉത്തരവിറക്കുകയും ചെയ്തു.

സംസ്ഥാനത്തെ 17 കേന്ദ്രങ്ങളിലായി, മിനിമം വേതന നിയമം ബാധകമായ 7920 തൊഴിലാളി കുടുംബങ്ങളെ ശാസ്ത്രീയമായി തിരഞ്ഞെടുത്താണ് ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ സർവേ നടത്തുന്നത്.

വിവരശേഖരണത്തിനായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി 22 എന്യൂമറേറ്റർമാരെ നിയമിച്ചു. സർവേയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ ഈ മാസം തന്നെ ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു.




കുടുംബ ബജറ്റ് സർവേ 2025-26 ന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു

# തൊഴിലാളി കുടുംബങ്ങളുടെ ഉപഭോഗരീതി ശാസ്ത്രീയമായിവിലയിരുത്തും: മന്ത്രി വി. ശിവൻകുട്ടി

സംസ്ഥാന തൊഴിലാളി കുടുംബങ്ങളുടെ വരുമാനം, ചെലവ്, ഉപഭോഗരീതി എന്നിവ ശാസ്ത്രീയമായി വിലയിരുത്തി തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സംസ്ഥാന തൊഴിൽ വകുപ്പും സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംസ്ഥാന കുടുംബ ബജറ്റ് സർവേ 2025–26 ന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

കാർഷിക, വ്യവസായ, സേവന മേഖലകളിലടക്കം വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനാണ് കുടുംബ ബജറ്റ് സർവേയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. തൊഴിലാളികളുടെ വരുമാനം, ചെലവ്, ജീവിത നിലവാരം എന്നിവയെ ആധാരമാക്കിയുള്ള നയരൂപീകരണം അതീവ പ്രാധാന്യം അർഹിക്കുന്ന കാലഘട്ടമാണിത്. ഉപഭോക്തൃ വില സൂചിക (ഇീഔലൃ ജൃശരല കിറലഃ) കണക്കാക്കുന്നതിന് ഈ സർവേ അടിസ്ഥാനമാകും. തൊഴിലാളികളുടെ ജീവിത ചെലവിൽ ഉണ്ടാകുന്ന മാറ്റങ്ങളെ നിരീക്ഷിക്കാനും, ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള ശാസ്ത്രീയ അടിസ്ഥാനം ഉറപ്പാക്കാനും സർവേയിലൂടെ സാധിക്കുമെന്ന് മന്ത്രി പറഞ്ഞു.

ഉപഭോക്തൃ വില സൂചിക കണക്കാക്കുന്നതിൽ ഏറ്റവും അടിസ്ഥാനപരമായ ഘട്ടം 'ഐറ്റം ബാസ്കറ്റ്' പരിഷ്കരണം ആണ്. തൊഴിലാളി കുടുംബങ്ങൾ ഭക്ഷണം, വസ്ത്രം, താമസം, വിദ്യാഭ്യാസം, ആരോഗ്യപരിചരണം, വിനോദം തുടങ്ങിയ ആവശ്യങ്ങൾക്ക് എത്ര ചെലവഴിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി പുതിയ സൂചിക രൂപപ്പെടുത്തും. 2011–12 സർവേയുടെ അടിസ്ഥാനത്തിലാണ് നിലവിലെ സൂചിക. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ ഉപഭോഗ രീതിയിൽ വന്ന ഘടനാപരമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ സൂചിക നിർണ്ണയിക്കപ്പെടും. ഒരു വർഷത്തിനുള്ളിൽ സർവേ പൂർത്തിയാക്കുമെന്നും മിനിമം വേതനം ലഭിക്കുന്ന മുഴുവൻ തൊഴിൽ മേഖലയെയും സർവേയിൽ ഉൾപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

രാജ്യത്ത് തൊഴിൽ സൗഹൃദ ഇടമായി കേരളം ഏറെ മുന്നിലാണ്. രാജ്യത്തെ ഏറ്റവുമധികം തൊഴിലാളി ക്ഷേമ ബോർഡുകൾ പ്രവർത്തിക്കുന്നതും ഇവിടെയാണ്. തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിലും ക്ഷേമനിധി സംവിധാനങ്ങളിലുമാണ് കേരളം ദേശീയ തലത്തിൽ മാതൃകയാകുന്നത്. നവോത്ഥാന കാലഘട്ടം മുതൽ കേരളത്തിലെ കൃഷിയിടങ്ങളും തൊഴിലിടങ്ങളും സാമൂഹ്യ മാറ്റങ്ങൾക്കായുള്ള ആശയങ്ങളുടെ പാഠശാലകളായിരുന്നു. സംസ്ഥാനം നേടിയെടുത്ത പുരോഗതിക്ക് പ്രധാനപ്പെട്ട കാരണവും ഈ സാമൂഹ്യ, രാഷ്ട്രീയ ബോധമാണ്. ഇന്ന് ഇതര സംസ്ഥാന തൊഴിലാളികളുടെ ഏറ്റവും പ്രിയപ്പെട്ട തൊഴിലിടമായി കേരളം മാറിക്കഴിഞ്ഞിരിക്കുന്നു. അവരെ 'അതിഥികൾ' എന്ന് വിളിച്ച് സമൂഹത്തിന്റെ ഭാഗമായി ചേർത്തുപിടിക്കാനും കേരളത്തിന് കഴിഞ്ഞു. തൊഴിലാളികൾ അഭിമാനത്തോടെയും സംതൃപ്തിയോടെയും ജോലി ചെയ്യുന്ന സാമൂഹിക അന്തരീക്ഷം നിലനിർത്തുന്നതിൽ സർക്കാർ മികച്ച ശ്രദ്ധ നൽകുന്നുണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

# സംസ്ഥാന സ്കൂൾ കായികമേള: കീർത്തി സുരേഷ് ഗുഡ്‌വിൽ അംബാസഡർ

തിരുവനന്തപുരം: തെന്നിന്ത്യൻ നടിയും മലയാളിയുമായ കീർത്തി സുരേഷ് സംസ്ഥാന സ്കൂൾ കായികമേളയുടെ ഗുഡ്‌വിൽ അംബാസഡറാകുമെന്ന് വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. 12 സ്റ്റേഡിയങ്ങളിലായി നടക്കുന്ന കായികമേളയുടെ ഉദ്ഘാടനം 21ന് വൈകുന്നേരം നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. തിരുവനന്തപുരത്ത് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

ഇതിൽ പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ താൽക്കാലിക ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി പൂർത്തിയായി വരുന്നു. രണ്ടു ദിവസമായി പെയ്യുന്ന മഴ മുന്നൊരുക്കങ്ങൾ മന്ദഗതിയിലാക്കിയിട്ടുണ്ടെന്നും എന്നാൽ സമയത്ത് പണി പൂർത്തിയാകുമെന്നും മന്ത്രി അറിയിച്ചു.

വടംവലി ഉൾപ്പെടെയുള്ള 12 മത്സരങ്ങളാണ് സെൻട്രൽ സ്റ്റേഡിയത്തിൽ ക്രമീകരിച്ചിട്ടുള്ളത്. അത്‌ലറ്റിക്സ് മത്സരങ്ങൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും ത്രോ ഇവൻറ്സ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും നടക്കും.

മത്സരങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ പർച്ചേസ് നടപടി നടന്നുകൊണ്ടിരിക്കുന്നു. കുട്ടികളുടെയും ഒഫീഷ്യൽസിന്റെയും, താമസത്തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് താമസിക്കുന്നതിനായി എഴുപതോളം സ്കൂളുകളും അവർക്ക് സഞ്ചരിക്കുന്നതിനായി ബസുകളും ക്രമീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഭക്ഷണത്തിനായി പുത്തരിക്കണ്ടത്ത് ഉൾപ്പടെ അഞ്ച് അടുക്കളകൾ സജ്ജീകരിച്ചിട്ടുണ്ട്. പ്രധാന ഭക്ഷണസ്ഥലമായ പുത്തരിക്കണ്ടം മൈതാനത്ത് ഒരേ സമയം 2,500 പേർക്ക് ഇരുന്ന് കഴിക്കാൻ പാകത്തിന് പന്തൽ ഒരുക്കുന്നുണ്ട്.

സമാപന സമ്മേളനവും യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഉദ്ഘാടനത്തിനോടനുബന്ധിച്ച് 4,500 കുട്ടികളുടെ മാർച്ച് പാസ്റ്റും 4,000 കുട്ടികളുടെ കലാപരിപാടികളും അരങ്ങേറും. ഭിന്നശേഷി കുട്ടികളുടെയും വിദേശത്തുള്ള കുട്ടികളുടെയും ഓൺലൈൻ എൻട്രി പൂർത്തിയായി വരുന്നു. വിദേശത്തുള്ള കുട്ടികളുടെ കോർഡിനേഷന് വേണ്ടി അധ്യാപകരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.കായിക മേളയോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ സ്വർണക്കപ്പ് വഹിച്ചുകൊണ്ടുള്ള വിളംബര ഘോഷയാത്ര ഇന്ന് രാവിലെ എട്ടിന് കാഞ്ഞങ്ങാട് നിന്ന് ആരംഭിക്കും. 21ന് തിരുവനന്തപുരത്ത് സമാപിക്കും.

# കളിക്കളത്തിന് നാളെ തിരുവനന്തപുരത്ത് തുടക്കം

## 1500 വിദ്യാർത്ഥികൾ വിവിധ ഇനങ്ങളിൽ മത്സരിക്കും

പട്ടികവർഗ വികസനവകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾ പങ്കെടുക്കുന്ന എട്ടാമത് കളിക്കളം കായികമേള 2025ന് കാര്യവട്ടം എൽ എൻ സി പി സ്റ്റേഡിയത്തിൽ നാളെ (ഒക്ടോബർ 18) തുടക്കമാകും.

രാവിലെ 9ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി കായികമേളയുടെ ഉദ്ഘാടനവും പതാക ഉയർത്തലും നിർവഹിക്കും.

സംസ്ഥാനത്തെ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിന്നും 120 പ്രീമെട്രിക് ഹോസ്റ്റലുകളിൽനിന്നുമായി 1500 കുട്ടികൾ വിവിധ ഇനങ്ങളിൽ മത്സരിക്കും. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന കായികമേള 20ന് സമാപിക്കും.

ഒക്ടോബർ 20ന് വൈകീട്ട് 3ന് നടക്കുന്ന സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും വിജയികൾക്കുള്ള സമ്മാനദാനവും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ ആർ കേളു നിർവഹിക്കും.

കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിക്കും. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവകുപ്പ് സെക്രട്ടറി ഡോ.എ കൗശിഗൻ, ജില്ലാ കളക്ടർ അനു കുമാരി, പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഡോ.മിഥുൻ പ്രേംരാജ്, പട്ടിക ജാതി വികസനവകുപ്പ് ഡയറക്ടർ ധർമ്മല ശ്രീ, പിന്നാക്ക ക്ഷേമവകുപ്പ് ഡയറക്ടർ മിസാൽ സാഗർ ഭരത്, ജോയന്റ് ഡയറക്ടർ ശ്രീരേഖ കെ എസ്, മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ കെ വി ധനേഷ് തുടങ്ങിയവർ സംബന്ധിക്കും.

# ന്യൂനപക്ഷ വിഭാഗങ്ങൾക്കു കൂടുതൽ അവസരങ്ങൾ ഒരുക്കേണ്ടതുണ്ട്: മന്ത്രി വി അബ്ദുറഹ്മാൻ

ന്യൂനപക്ഷ വിഭാഗങ്ങൾക്കു കൂടുതൽ അവസരങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് ന്യൂനപക്ഷ ക്ഷേമ വികസന വകുപ്പു മന്ത്രി വി. അബ്ദുറഹ്മാൻ. വിഷൻ 2031 ന്റെ ഭാഗമായി ഫോർട്ട് കൊച്ചിയിൽ നടന്ന ഏകദിന സെമിനാറിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് തയ്യാറാക്കിയ കരട് നയരേഖ വിശദീകരിക്കുകയായിരുന്നു മന്ത്രി.

പാലോളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കിയതിലൂടെ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. ജസ്റ്റിസ് കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണതയിൽ എത്തുന്നതോടെ ക്രിസ്തീയ ജനവിഭാഗങ്ങളിലെ സാമൂഹിക വിദ്യാഭ്യാസ സാമ്പത്തിക പുരോഗതിയിൽ വലിയ മുന്നേറ്റം സാധ്യമാകും.

ന്യൂനപക്ഷ ക്ഷേമവകുപ്പ് വഴി സംസ്ഥാനത്തെ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലുമായി 75,525 അഭ്യസ്തവിദ്യർക്കു പി.എസ്.സി പരിശീലനം നൽകുകയും 4330 പേർക്ക് സർക്കാർ സർവീസിൽ പ്രവേശിക്കാനും സാധിച്ചിട്ടുണ്ട്. എന്നാൽ 2025 സർവേ കണക്കുകൾ പ്രകാരം മുസ്ലിം വിഭാഗത്തിൽ 18.2 ശതമാനം, പിന്നോക്ക ഹിന്ദു വിഭാഗത്തിൽ 13.6 ശതമാനം, മുന്നാക്ക ഹിന്ദു വിഭാഗത്തിൽ 11.7 ശതമാനം, പിന്നാക്ക ക്രിസ്ത്യൻ വിഭാഗത്തിൽ 14.1 ശതമാനം, മുന്നാക്ക ക്രിസ്ത്യൻ വിഭാഗത്തിൽ 15 ശതമാനം, എസ്.സി വിഭാഗത്തിൽ 16.9 ശതമാനം, എസ്ടി വിഭാഗത്തിൽ 17.5 ശതമാനം എന്നിങ്ങനെയാണ് തൊഴിലില്ലായ്മ നിരക്ക്. ഇതിൽനിന്നും വ്യക്തമാകുന്നത് കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളിൽ തൊഴിലില്ലായ്മ വളരെ ഉയർന്നു എന്നാണ്.വിഷൻ 2031 ലൂടെ വിദ്യാഭ്യാസത്തിലും തൊഴിലിലും ആരോഗ്യത്തിലും സാംസ്കാരിക ഇടപെടലുകളിലും ന്യൂനപക്ഷ വിഭാഗങ്ങളെ കേരളത്തിൽ നേതൃ സ്ഥാനത്ത് എത്തിക്കുക എന്നതാണു സർക്കാർ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകാനും അവർക്കു വിദ്യാഭ്യാസവും തൊഴിലും നൽകി മുൻപന്തിയിലേക്കു കൊണ്ടുവരാനും ലക്ഷ്യമിടുന്നു.

ക്രിസ്ത്യൻ വിഭാഗത്തിലെ പിന്നാക്കാവസ്ഥ പരിശോധിക്കുന്നതിനായി ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തു രൂപീകരിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ 254 ശിപാർശകളിൽ 186 എണ്ണം വിവിധ വകുപ്പുകൾ നടപ്പാക്കിയിട്ടുണ്ട്. 12 ശിപാർശകൾ മന്ത്രിസഭയുടെ പരിഗണനയിലാണ്. ബാക്കിയുള്ളവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണെന്നും കരട് നയരേഖയിൽ വ്യക്തമാക്കുന്നു. ഓരോ വകുപ്പും സ്വീകരിച്ച നടപടിക്രമങ്ങളുടെ തത്സ്ഥിതിയും നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ സ്കോളർഷിപ്പ് പദ്ധതികളിലൂടെ ന്യൂനപക്ഷ ക്ഷേമവകുപ്പിൽ നിന്ന് 3,23,753 വിദ്യാർത്ഥികൾക്ക് ഇതിനോടകം സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സിവിൽ സർവീസ് മേഖലയിൽ ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കു കൂടുതൽ അവസരം ഒരുക്കുന്നതിനായി കേരളത്തിന്റെ മൂന്നു മേഖലകളിലായി പ്രത്യേക സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങൾ ഒരുക്കും. ബാങ്കിംഗ്, എസ്എസ്.സി, റെയിൽവേ ഉദ്യോഗങ്ങൾക്കുള്ള പരിശീലനവും ഇതിനോടൊപ്പം ലഭ്യമാക്കും.

സൈനിക മേഖലയിൽ ന്യൂനപക്ഷങ്ങളുടെ അംഗബലം വളരെ കുറവാണ്. ഇതു വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സൈനിക, അർദ്ധസൈനിക മേഖലകളിലേക്കുള്ള ശാരീരികക്ഷമതയും പരീക്ഷാ പരിശീലനം ഉൾക്കൊള്ളുന്ന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

മെഡിക്കൽ/എൻജിനീയറിങ് പരീക്ഷകൾക്കായി സർക്കാർ അംഗീകൃത സ്വകാര്യ കോച്ചിംഗ് സെന്ററുകൾ ഉൾപ്പെടുത്തി പരിശീലനം നൽകും. ഉയർന്ന പഠന നിലവാരമുള്ള വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന്റെ ആവശ്യത്തിനായി ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് നടപ്പാക്കും.

ന്യൂനപക്ഷ വിഭാഗങ്ങൾ നേരിടുന്ന സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവും തൊഴിൽപരവുമായ പ്രശ്നങ്ങൾ പഠിക്കാനായി രാജ്യാന്തര നിലവാരത്തിലുള്ള റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും. ഒരുപക്ഷേ ഇത്തരത്തിൽ ഇന്ത്യയിൽ ആദ്യത്തെ സംരംഭം ആയിരിക്കുമിത്.

ന്യൂനപക്ഷ സ്ത്രീകളുടെ ശാക്തീകരണത്തിനായി പ്രത്യേക പദ്ധതി നടപ്പാക്കും. വിധവകൾ, വിവാഹമോചിതർ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മറ്റൊരു പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി കാലോചിതമായ പരിഷ്കരണങ്ങൾക്ക് വിധേയമാക്കുന്നതും പരിഗണനയിലുണ്ട്.

ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവജനങ്ങൾക്കു നൂതന സാങ്കേതികവിദ്യയിലൂടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക, ന്യൂനപക്ഷ കലകളുമായി ബന്ധപ്പെട്ട പ്രതിഭകളെ കണ്ടെത്തി അവരെ മുഖ്യധാരയിലേക്കു കൊണ്ടുവരുക, ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും മുൻതൂക്കം നൽകുന്ന പദ്ധതികൾ തുടങ്ങിയവയും പ്രധാനപ്പെട്ടതാണ്.

ഇതോടൊപ്പം സിഖ്, ബുദ്ധ, ജൈന, പാഴ്സി തുടങ്ങിയ മതവിഭാഗങ്ങൾ ഉൾപ്പെടുന്ന സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങൾക്കും പ്രത്യേക ക്ഷേമപദ്ധതികൾ കരട് നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ ശാക്തീകരണ പദ്ധതി, സ്വയംതൊഴിൽ സംരംഭകത്വ സഹായ പദ്ധതി, ഉന്നത പഠനത്തിനുള്ള പിന്തുണ, സാംസ്കാരിക പൈതൃക സംരക്ഷണം തുടങ്ങിയവ അവയിൽ ചിലതാണ്.

# താൻ മാറിയിട്ടില്ല, മാറത്തുമില്ല; എ. കെ. ബാലനെ രൂക്ഷമായി വിമർശിച്ച് ജി. സുധാകരൻ

ആലപ്പുഴ: എ. കെ. ബാലനെ രൂക്ഷമായി വിമർശിച്ച് മുൻ മന്ത്രിയും സിപിഎം നേതാവുമായ ജി. സുധാകരൻ. ബാലന്റെ പ്രതികരണത്തിലായിരുന്നു സുധാകരന്റെ വിമർശനം.

ആലപ്പുഴയിൽ നടക്കുന്ന നികൃഷ്ടവും മ്ലേച്ഛവും മാർക്സിസ്റ്റ് വിരുദ്ധവുമായ പൊളിറ്റിക്കൽ ക്രിമിനൽസിന്റെ ആക്രമണത്തിനെതിരെ ഒരക്ഷരം പറഞ്ഞിട്ടില്ലെന്ന് സുധാകരൻ പറഞ്ഞു. താൻ മാറിയിട്ടില്ല. മാറത്തുമില്ല. അന്നത്തെ പോലെ തന്നെ ലളിത ജീവിതം നയിക്കുന്നു. രാഷ്ട്രീയത്തിലൂടെ പൈസയൊന്നുമുണ്ടാക്കിയിട്ടില്ല. ബാലൻ മാറിയെന്നാണ് അദ്ദേഹം പറയുന്നത്. ബാലൻ മാറിക്കോളു. തനിക്ക് ബാലനെപ്പോലെ മാറാൻ പറ്റില്ല. ബാലൻ എന്നെപ്പറ്റി പറയേണ്ട കാര്യമില്ല. താൻ ഇന്നേ വരെ ഒരു പ്രസ്താവനയിലും ബാലനെ കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. സൈബർ ആക്രമണത്തെ കുറിച്ച് പ്രതികരിക്കാതെ എന്നെ എതിർക്കുന്നത് എന്തിനാണെന്നും അദ്ദേഹം ചോദിച്ചു.

താൻ എസ്എഫ്ഐയുടെ സംസ്ഥാന സെക്രട്ടറിയായിരുന്നപ്പോൾ ബ്രണ്ണൻ കോളജിലെ ഒരു യൂണിറ്റ് നേതാവായിരുന്ന പ്രതിനിധിയായി എസ്എഫ്ഐ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത ആളാണ് ബാലൻ. 72ലോ മറ്റോ നടന്ന എസ്എഫ്ഐയുടെ സംസ്ഥാന സമ്മേളനത്തിലെ കാര്യങ്ങളാണ് അദ്ദേഹം ഇപ്പോഴും പറയുന്നത്.

സംസ്ഥാന കമ്മറ്റിയിൽ നിന്ന് മാറ്റി എന്നല്ല, എടുത്തില്ല എന്ന് പറയണം. തെറ്റായ വിമർശനം നടത്തിയത് കൊണ്ട് അന്നത്തെ സി. എച്ച്. കണാരൻ കൂടി വന്നിരുന്നിട്ടാണ് ബാലനെ എടുക്കുന്നില്ല എന്ന് തീരുമാനിച്ചത്. പിന്നെ അദ്ദേഹം സംസ്ഥാന സെക്രട്ടറിയും പ്രസിഡൻറുമൊക്കെയായില്ലെ. ഞാൻ ആ പോസ്റ്റർ ഒന്നും എഴുതുന്നില്ലല്ലെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

# കൊല്ലത്ത് ബാങ്ക് ജീവനക്കാരിയെ ആക്രമിച്ചയാൾ അറസ്റ്റിൽ

കൊട്ടിയം: കൊല്ലത്ത് ബാങ്ക് ജീവനക്കാരിയെ ആക്രമിച്ച കേസിലെ പ്രതി അറസ്റ്റിൽ. മുഖത്തല സ്വദേശി സന്ദീപ് ലാലിനെയാണ് കൊട്ടിയം പോലീസ് അറസ്റ്റ് ചെയ്തത്. കുടിശിക അടയ്ക്കണമെന്ന് ആവശ്യപ്പെട്ടതിലെ വൈരാഗ്യമാണ് ആക്രമണത്തിന് കാരണം. തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ബാങ്ക് ജീവനക്കാരിയും സഹപ്രവർത്തകയും കഴിഞ്ഞ ദിവസം സന്ദീപിന്റെ വീട്ടിലെത്തിയിരുന്നു. ബാങ്ക് നടപടികളെ കുറിച്ചു പറയുന്നതിനിടെ വനിതാ ജീവനക്കാരെ പ്രതിയും സുഹൃത്തും ചേർന്ന് അസഭ്യം പറഞ്ഞു. പ്രകോപിതനായ സന്ദീപിനെ ഭയന്ന് ജീവനക്കാർ ഓട്ടോറിക്ഷയിൽ കയറി തിരികെ പോകാൻ ശ്രമിക്കുമ്പോഴാണ് പ്രതി തടഞ്ഞുനിർത്തിയത്. തുടർന്ന് ജീവനക്കാരി യുവാവിന്റെ മുഖത്ത് അടിച്ചു. പിന്നാലെ ജീവനക്കാരിയെ സന്ദീപ് ആക്രമിക്കുകയായിരുന്നു.

# ഇന്ത്യയിലെ ആദ്യ സമഗ്ര എഐ ഫിലിം മേക്കിങ്ങ് കോഴ്സുമായി കെഎസ്‌യുഎം സ്റ്റാർട്ടപ്പ് തെന്നിന്ത്യൻ താരം കമൽ ഹാസൻ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: ഇന്ത്യയിലെ ആദ്യ സമഗ്ര എഐ ഫിലിം മേക്കിങ്ങ് കോഴ്സുമായി സ്റ്റാർട്ടപ്പ് മിഷനു കീഴിലുള്ള സ്റ്റാർട്ടപ്പായ 'സ്കൂൾ ഓഫ് സ്റ്റോറി ടെല്ലിങ്ങ്' വരുന്നു. സ്കൂൾ ഓഫ് സ്റ്റോറി ടെല്ലിങ്ങിൻറെ ഉദ്ഘാടനവും ീലൈേീൃ്യലേഹഹശിഴ.രീ പോർട്ടലിൻറെ പ്രകാശനവും തെന്നിന്ത്യൻ സിനിമാതാരവും എംപിയുമായ കമൽ ഹാസൻ നിർവഹിച്ചു.

സംരംഭത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസയറിയിച്ചു. കേരളം ലോകത്തിന് എന്നും മാതൃകയായിട്ടുള്ള അതിൻറെ സാമൂഹിക വികസന സൂചികയ്ക്കും കാലോചിതമായ സാങ്കേതിക വിദ്യകളെ സ്വാംശീകരിക്കുന്നതിനുള്ള ഇച്ഛാശക്തിക്കും ശക്തിപകരുന്ന വിധം ഒരു എഐ അധിഷ്ഠിത ഫ്യൂച്ചർ സ്റ്റോറി ടെല്ലിങ്ങ് സ്കൂൾ ആരംഭിക്കുന്നതിൽ സന്തോഷമുണ്ടെന്ന് മുഖ്യമന്ത്രി ആശംസയിലൂടെ അറിയിച്ചു.പ്രമുഖ എഐ ക്രിയേറ്റീവ് ഇൻഡസ്ട്രി ട്രെയ്നറും ജെൻ എഐ സ്റ്റോറിടെല്ലറുമായ വരുൺ രമേഷാണ് സംരംഭത്തിന് പിന്നിൽ. കൊച്ചി ആസ്ഥാനമായാണ് സ്കൂൾ ഓഫ് സ്റ്റോറി ടെല്ലിങ്ങ് പ്രവർത്തിക്കുക.

ഹൈബ്രിഡ് മാതൃകയിലുള്ള എഐ ഇൻറഗ്രേറ്റഡ് ഫിലിം മേക്കിങ്ങ് കോഴ്സുകളിലേക്ക് ആദ്യഘട്ടത്തിൽ പ്രവേശനം നല്കുമെന്ന് വരുൺ രമേഷ് പറഞ്ഞു. ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്നവരെയും ക്രിയേറ്റീവ് രംഗത്ത് പണിയെടുക്കുന്നവരെയും ഒരുമിച്ച് കൊണ്ടുവരാൻ സ്കൂൾ ഓഫ് സ്റ്റോറി ടെല്ലിങ്ങ് ലക്ഷ്യമിടുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

തെന്നിന്ത്യൻ സിനിമയിലെ പ്രഗത്ഭരായ സിനിമാ പ്രവർത്തകരും എഐ സാങ്കേതിക രംഗത്തെ പ്രമുഖരും അടങ്ങുന്ന ടീമിൻറെ ക്ലാസുകൾ സ്കൂളിനെ ആകർഷകമാക്കും. ഓൺലൈൻ ക്ലാസുകൾക്കും ലൈവ് വർക്ക് ഷോപ്പുകൾക്കും പുറമേ മലയാള സിനിമയിലെയും കണ്ടൻറ് ക്രിയേഷനിലെയും പ്രമുഖരുടെ എഐ ക്രിയേറ്റീവ് വർക്ക് ഷോപ്പുകളും ഉണ്ടാവും.

എഐ ഫിലിം മേക്കിങ്ങ് സമ്പൂർണ്ണ കോഴ്സിന് പിന്നാലെ എഐ സിനിമാട്ടോഗ്രാഫി, എഐ സ്ക്രീൻ റൈറ്റിങ്ങ്, എഐ വിഎഫ്എക്സ്, എഐ അനിമേഷൻ എന്നിങ്ങനെ സാങ്കേതിക മേഖലയിലെ പുതുതലമുറ കോഴ്സുകളും സ്കൂളിൻറെ ഭാഗമായി ഉണ്ടാവും.വിവരങ്ങൾക്ക് hello@osstorytelling.com വെബ്സൈറ്റ് സന്ദർശിക്കുക.




**സ്കൂൾ ഓഫ് സ്റ്റോറി ടെല്ലിങ്ങിൻറെ ഉദ്ഘാടനവും പോർട്ടൽ പ്രകാശനവും തെന്നിന്ത്യൻ സിനിമാതാരവും എംപിയുമായ കമൽ ഹാസൻ നിർവഹിക്കുന്നു. സ്കൂൾ ഓഫ് സ്റ്റോറി ടെല്ലിങ്ങ് സ്ഥാപകനും ജെൻ എഐ സ്റ്റോറിടെല്ലറുമായ വരുൺ രമേഷ് സമീപം.**

# ശംഖുമുഖത്തെ നിർമ്മാണ പ്രവർത്തനം തീരത്തിനു ഭീഷണിയാവും



തിരുവനന്തപുരം : പ്രധാനമന്ത്രിയുടെ സന്ദർശനത്തിന്റെ മറവിൽ ജലസേചന വകുപ്പ് ധൃതിപിടിച്ച് നടത്താൻ പോകുന്ന പുനർനിർമ്മാണ പ്രവർത്തനം മൂലം കണ്ണാന്തുറ മുതൽ പള്ളിത്തുറ വരെയുള്ള തീരമേഖല കടലെടുക്കാൻ കാരണമാവുമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ്. പ്രസ്താവനയിൽ പറഞ്ഞു തിരുവനന്തപുരത്തെ കടൽ തീരത്തോട് ചേർന്ന് നടത്തുന്ന ഏതൊരു നിർമ്മാണവും അതിൽ തൊട്ടു വടക്ക് ഭാഗത്തെ തീരം കടൽ കവരാൻ ഇടയാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പൊഴിയൂർ, പനത്തുറ, പൂന്തുറ, ചെറിയതുറ, ബീമാപള്ളി, വലിയതുറ, ഗ്രാമങ്ങൾ കടൽകാർന്നു തിന്ന അനുഭവം ഉണ്ടെന്നിരിക്കെ ശംഖുമുഖത്തെ ഈ നിർമ്മാണം പ്രധാനമന്ത്രിയുടെ മറവിൽ ഉദ്യോഗസ്ഥർ നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമാണെന്നും നിർമ്മാണത്തിന് 14 കോടി രൂപ ചെലവിട്ട് നടത്തുന്ന ഈ പദ്ധതിയുടെ മുന്നോടിയായി യാതൊരുവിധ പാരിസ്ഥിതിക ആഘാതം പഠനവും നടത്തിയിട്ടില്ലായെന്ന് മാത്രമല്ല ആ പ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളുമായി യാതൊരു ചർച്ചയും നടത്താതെയാണ് ഈ നിർമ്മാണം നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഈ നിർമാണം തീര പരിപാലന നിയമങ്ങൾക്ക് വിരുദ്ധമാണ്. ശംഖു മുഖം കടപ്പുറവും തീരവും മത്സ്യത്തൊഴിലാളികൾക്ക് അവകാശപ്പെട്ടതാണെന്നും നൂറോളം കമ്പവല തൊഴിലാളികളും, ഔട്ട് ബോർഡ് വള്ളങ്ങളും, കട്ടമരങ്ങളും ഉപയോഗിച്ച് മത്സ്യബന്ധന നടത്തിപ്പോകുന്ന ഒരു തീരപ്രദേശം കൂടിയാണ്. സാധാരണ VVIP സന്ദർശനത്തിന്റെ മുന്നോടിയായിതാൽക്കാലിക സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്താറുള്ളത്.ഇപ്പോൾ നടത്തുന്ന നിർമ്മാണം കേട്ടുകേൾവി ഇല്ലാത്തതാണെന്നും എസ് എം ടി എഫ് പ്രസ്താവനയിൽ പറയുന്നു.

# സാമ്പത്തിക സഹായം വർധിപ്പിച്ച് കേന്ദ്ര സർക്കാർ, എട്ടാം ശമ്പള കമ്മീഷന്റെ വിജ്ഞാപനവും ഉടനെന്ന്

ന്യൂഡൽഹി: ദീപാവലി സമ്മാനമായി മുൻ സൈനികർക്കും ആശ്രിതർക്കുമുള്ള സാമ്പത്തിക സഹായം വർധിപ്പിച്ച് കേന്ദ്ര സർക്കാർ. വിദ്യാഭ്യാസ, വിവാഹ സഹായധനം ഉൾപ്പെടെയാണ് കേന്ദ്രം വർധിപ്പിച്ചത്. വിവാഹ സഹായധനം 50, 000ൽ നിന്ന് ഒരു ലക്ഷമാക്കി ഉയർത്തി.

വിദ്യാഭ്യാസ സഹായധനവും ഇരട്ടിയായി വർധിപ്പിച്ചു. പ്രതിമാസം നൽകിയിരുന്ന 1000 രൂപ ഇനി മുതൽ 2000 രൂപയാക്കിയാണ് ഉയർത്തിയത്. കേന്ദ്ര സർക്കാർ ജീവനക്കാരുടെ എട്ടാം ശമ്പള കമ്മീഷൻ സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനവും ഉടൻ ഉണ്ടാകുമെന്നാണ് സൂചന. എട്ടാം ശമ്പള കമ്മീഷന്റെ ഔദ്യോഗിക വിജ്ഞാപനം വേണ്ട സമയത്ത് പുറത്തിറക്കുമെന്ന് ധനമന്ത്രാലയത്തിലെ സഹമന്ത്രി പങ്കജ് ചൗധരി അടുത്തിടെ രാജ്യസഭയിൽ വ്യക്തമാക്കിയിരുന്നു. 2025 ജനുവരിയിൽ കമ്മീഷന് കേന്ദ്രം തത്വത്തിൽ അംഗീകാരം നൽകിയെങ്കിലും കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം ഉടൻ പ്രതീക്ഷിക്കാമെന്ന് കേന്ദ്രസർക്കാർ അറിയിച്ചു.

# അപൂർവ പ്രതിഭാസം; കോഴിക്കോട് കടൽ ഉൾവലിഞ്ഞു

കോഴിക്കോട്: കോഴിക്കോട് സൗത്ത് ബീച്ചിന് സമീപത്ത് കടൽ ഉൾവലിഞ്ഞു. ഒന്നര കിലോമീറ്റർ അകത്തേക്ക് ഉൾവലിഞ്ഞതായി ആളുകൾ പറഞ്ഞു. പെട്ടന്നുണ്ടായ മാറ്റം ബീച്ചിലെത്തിയ സന്ദർശകരെ പരിഭ്രാന്തരാക്കി.

ഏതാനും ദിവസങ്ങളായി കടൽ കുറച്ച് ഉൾവലിഞ്ഞിരുന്നെങ്കിലും ഇത്രയും ഉള്ളിലേക്ക് പോയത് ആദ്യമാണെന്ന് കച്ചവടക്കാർ പറഞ്ഞു. തിരയില്ലാതെ നിശ്ചലാവസ്ഥയായ കടൽ കാണാനും നിരവധി പേർ എത്തിയിരുന്നു.

# മാവോയിസ്റ്റ് ചമഞ്ഞ് പിതാവിന് ഭീഷണി കത്തെഴുതി ലക്ഷങ്ങൾ ആവശ്യപ്പെട്ടു; യുവാവ് അറസ്റ്റിൽ

ഭുവനേശ്വർ: മാവോയിസ്റ്റ് ചമഞ്ഞ് ആൾമാറാട്ടം നടത്തി പിതാവിൽ നിന്നും 35 ലക്ഷംരൂപ തട്ടിയെടുക്കാൻ ശ്രമിച്ച യുവാവ് അറസ്റ്റിൽ. ഒഡീഷയിലെ കലഹണ്ടി ജില്ലയിലെ നാർല പോലീസ് പരിധിയിലാണ് സംഭവം.

കോൺട്രാക്ടറായ ദിനേശ് അഗർവാളിന്റെ മകൻ അങ്കുഷ് അഗർവാൾ(24)ആണ് പിടിയിലായത്. പിതാവ് പോലീസിൽ പരാതി നൽകിയതിന് പിന്നാലെ ഒരാഴ്ചയ്ക്കുള്ളിൽ അങ്കുഷിനെ പോലീസ് അറസ്റ്റ് ചെയ്തു.

ഒക്ടോബർ ആറിന് മാവോയിസ്റ്റിൻറേതെന്ന വ്യാജേന ഒരു ഭീഷണി കത്തെഴുതി അങ്കുഷ് പിതാവിന്റെ കാറിൽ ഉപേക്ഷിച്ചിരുന്നു. 35 ലക്ഷം രൂപ നൽകിയില്ലെങ്കിൽ കുടുംബത്തിലെ എല്ലാവരെയും കൊല്ലുമെന്നായിരുന്നു കത്തിലെ ഉള്ളടക്കം.

പിതാവിന്റെ ബിസിനസ് പങ്കാളിക്കും സമാനമായ കത്ത് അങ്കുഷ് അയച്ചു. കത്ത് ലഭിച്ചയുടൻ തന്നെ ഇവർ പോലീസിൽ പരാതി നൽകി. അന്വേഷണത്തിനിടെ കത്ത് എഴുതിയത് അങ്കുഷ് ആണെന്ന് പോലീസ് കണ്ടെത്തുകയായിരുന്നു.

കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മാവോയിസ്റ്റ് അംഗങ്ങളുടെ പേരുകൾ തെറ്റിച്ചാണ് എഴുതിയിരുന്നത്. അതുകൊണ്ട് തന്നെ സംഭവം വ്യാജമാണെന്ന് സംശയം തോന്നിയിരുന്നതായി ഭവാനിപട്ടണ പോലീസ് സൂപ്രണ്ട് നാഗരാജ് ദേവരകൊണ്ട പറഞ്ഞു. കത്തിന്റെ ഉള്ളടക്കത്തിനും പക്വതയില്ലെന്ന് തോന്നിയിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# ഛത്തീസ്ഗഡിൽ 78 മാവോയിസ്റ്റുകൾ കീഴടങ്ങി

റായ്പുർ: ഛത്തീസ്ഗഡിൽ 78 മാവോയിസ്റ്റുകൾ കീഴടങ്ങി. മൂന്ന് ജില്ലകളിൽ നിന്നായി 43 സ്ത്രീകളും ദണ്ഡകാരണ്യ സ്പെഷ്യൽ സോണൽ കമ്മിറ്റിയിലെ രണ്ട് അംഗങ്ങളും ഉൾപ്പടെയാണ് കീഴടങ്ങിയത്.

കീഴടങ്ങിയവർ ഏഴ് എകെ-47 തോക്കുകളും നിരവധി ആയുധങ്ങളും കൈമാറി. സായുധ പോരാട്ടം ഉപേക്ഷിക്കാനുള്ള അവരുടെ നീക്കത്തെ മുഖ്യമന്ത്രി വിഷ്ണു ദിയോ സായ് പ്രശംസിച്ചു.

സുക്മ ജില്ലയിൽ മാത്രം പത്ത് സ്ത്രീകൾ ഉൾപ്പെടെ 27 മാവോയിസ്റ്റുകളാണ് കീഴടങ്ങിയത്. ഇവരിൽ 16 പേരുടെ തലയ്ക്ക് സർക്കാർ 50 ലക്ഷം രൂപ ഇനാം പ്രഖ്യാപിച്ചിരുന്നു. കാങ്കർ ജില്ലയിൽ, മാവോയിസ്റ്റിന്റെ പ്രധാന സംഘടനയായ ദണ്ഡകാരണ്യ സ്പെഷ്യൽ സോണൽ കമ്മിറ്റി (ഡികെഎസ്ഇസഡ്സി) യിലെ രണ്ട് അംഗങ്ങളും 32 വനിതാ കേഡറുകളും ഉൾപ്പെടെ 50 പേർ ബിഎസ്എഫ് ക്യാമ്പിൽ കീഴടങ്ങി.

ബസ്തർ മേഖലയും മഹാരാഷ്ട്ര, തെലങ്കാന, ഒഡീഷ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ അതിർത്തി പ്രദേശങ്ങളും ചേർന്നതാണ് വിശാലമായ ദണ്ഡകാരണ്യ മേഖല. കൊണ്ടഗാവ് ജില്ലയിൽ തലയ്ക്ക് അഞ്ച് ലക്ഷം രൂപ ഇനാം പ്രഖ്യാപിച്ചിരുന്ന ഒരു വനിതാ കേഡർ കീഴടങ്ങി. ഡികെഎസ്ഇസഡ്സി അംഗങ്ങളായ രാജ്മാൻ മാണ്ഡവി, രാജു സലാം എന്നിവരുടെ നേതൃത്വത്തിലുള്ള ഒരു കൂട്ടം മാവോയിസ്റ്റ് കേഡർമാർ കാങ്കറിലെ കൊയ്ലൈബേഡ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ബിഎസ്എഫിന്റെ 40-ാം ബറ്റാലിയനിലെ കാംതേര ക്യാമ്പിലെത്തിയാണ് കീഴടങ്ങിയത്.

ഏഴ് എകെ-47 റൈഫിളുകൾ, രണ്ട് സെൽഫ് ലോഡിംഗ് റൈഫിളുകൾ, നാല് ഇൻസാസ് റൈഫിളുകൾ, ഒരു ഇൻസാസ് എൽഎംജി (ലൈറ്റ് മെഷീൻ ഗൺ), ഒരു സ്റ്റെൻ ഗൺ എന്നിവയുൾപ്പെടെ 39 ആയുധങ്ങളും ഇവർ കൈമാറി.

കീഴടങ്ങിയവരിൽ ഡിവിഷണൽ കമ്മിറ്റിയിലെ പ്രസാദ് തരാമി, ഹീരാലാൽ കൊമ്ര, ജുഗ്നു കൊവാച്ചി, നർസിംഗ് നേതം, നന്ദേ (രാജ്മാൻ മാണ്ഡവിയുടെ ഭാര്യ)എന്നിവരും ഉൾപ്പെടുന്നു.

# അമേരിക്കൻ ന്യൂക്ലിയർ ബോംബർ വിമാനങ്ങൾ കരീബിയൻ മേഖലയിൽ; ആശങ്കയിൽ വെനസ്വല

കാരകാസ്: വെനസ്വലെ ലക്ഷ്യമാക്കി അമേരിക്കൻ യുദ്ധ വിമാനങ്ങൾ നീങ്ങുന്നതായി റിപ്പോർട്ട്. അമേരിക്കയുടെ ന്യൂക്ലിയർ ബോംബർ വിമാനമായ ബി52 വിമാനങ്ങളാണ് കരീബിയൻ മേഖലയിലേക്ക് നീങ്ങുന്നതെന്നാണ് അന്തർ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. അമേരിക്ക മറ്റൊരു ആക്രമണത്തിന് തുനിയുന്നുവെന്ന ആശങ്കയിലാണ് വെനസ്വല. ബോംബർ വിമാനങ്ങൾ നീങ്ങുന്നത് വെനസ്വലെയിലേക്കാണെന്ന് അവകാശപ്പെടുന്ന നിരവധി റിപ്പോർട്ടുകളാണ് വരുന്നത്. ചൊവ്വാഴ്ച വെനസ്വലെയിൽ നിന്ന് ലഹരിമരുന്നുമായി എത്തിയ ബോട്ട് അമേരിക്ക ആക്രമിച്ച സംഭവത്തിൽ ആറു പേർ കൊല്ലപ്പെട്ടതായി ഡോണൾഡ് ട്രംപ് വിശദമാക്കിയിരുന്നു. വെനസ്വേല തീരത്ത് യുഎസ് സൈന്യം മറ്റൊരു കപ്പലിനെയും ആക്രമിച്ചിരുന്നു.

കപ്പലിൽ ലഹരിമരുന്ന് കടത്തുന്നതായുള്ള ഇൻറലിജൻസ് റിപ്പോർട്ടിന് പിന്നാലെയായിരുന്നു അമേരിക്കയുടെ ആക്രമണം. രണ്ട് വിമാനങ്ങളും എയർ ട്രാക്കിംഗ് സൈറ്റുകളിൽനിന്ന് അൽപ്പനേരം അപ്രത്യക്ഷമായി. തുടർന്ന് തെക്കോട്ട് പറക്കുമ്പോൾ വീണ്ടും പ്രത്യക്ഷപ്പെട്ടുവെന്നാണ് ഫ്ലൈറ്റ്റാഡാർ 24 വിശദമാക്കുന്നത്.

# ചീഫ് ജസ്റ്റീസ് ബി. ആർ. ഗവായ്ക്ക്നേരെ ഷൂ എറിഞ്ഞ സംഭവം; രാകേഷ് കിഷോറിനെതിരെ കോടതിയലക്ഷ്യ നടപടിക്ക് അനുമതി

.ന്യൂഡൽഹി: ചീഫ് ജസ്റ്റീസ് ബി. ആർ. ഗവായ്ക്ക് നേരെ ഷൂ എറിഞ്ഞ സംഭവത്തിൽ അഭിഭാഷകൻ രാകേഷ് കിഷോറിന് എതിരെ കോടതി അലക്ഷ്യ നടപടിക്ക് അനുമതി. അറ്റോർണി ജനറൽ ആർ. വെങ്കിട്ട രമണിയാണ് അനുമതി നൽകിയത്. ദീപാവലിക്ക് ശേഷം കോടതി അലക്ഷ്യ ഹർജി പരിഗണിക്കാമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. വിഷയം സ്വാഭാവികമായ അന്ത്യത്തിന് വിടുന്നതാണ് നല്ലത് എന്നാണ് കോടതിയുടെ നിരീക്ഷണം. കോടതി നടപടി ആരംഭിച്ചാൽ ഇത്തരക്കാർക്ക് വീണ്ടും വാർത്ത പ്രാധാന്യം ലഭിക്കുക മാത്രമാണ് നടക്കുകയെന്നും സുപ്രീംകോടതി നിരീക്ഷണത്തിൽ വ്യക്തമാക്കി.

# ലഡാക്കിലെ നിയന്ത്രണം പിൻവലിച്ചു

ജമ്മു: സംസ്ഥാനപദവി ആവശ്യപ്പെട്ടുള്ള പ്രക്ഷോഭം അക്രമാസക്തമായതിനെത്തുടർന്ന് ജമ്മു കാഷ്മീരിലെ ലഡാക്കിൽ ലേ ജില്ലയിൽ പ്രഖ്യാപിച്ച നിയന്ത്രണങ്ങൾ പിൻവലിച്ചു. കഴിഞ്ഞമാസം 24 നാണു നാലുപേരുടെ മരണത്തിനിടയാക്കിയ പ്രക്ഷോഭം അരങ്ങേറിയത്. സംഘർഷത്തിൽ 80 ലേറെ ആളുകൾക്കു പരിക്കേൽക്കുകയും ചെയ്തിരുന്നു. 22 ദിവസത്തിനുശേഷമാണ് നിയന്ത്രണങ്ങൾ പിൻവലിച്ചതായി ജില്ലാ ഭരണകൂടം അറിയിച്ചിരിക്കുന്നത്. സംഘർഷത്തിനുപിന്നിൽ പ്രവർത്തിച്ചുവെന്നാരോപിച്ച് ലഡാക്കിലെ പരിസ്ഥിതി പ്രവർത്തകൻ സോനം വാംഗ്ചുക് അറസ്റ്റിലായിരുന്നു. ദേശീയസുരക്ഷാ നിയമപ്രകാരം സോനത്തെ ജോധ്പുർ ജയിലിൽ പാർപ്പിച്ചിരിക്കുകയാണിപ്പോൾ.

# പലസ്തീനികളുടെ മൃതദേഹങ്ങൾ കൈമാറി ഇസ്രയേൽ; പീഡനത്തിന്റെയും വധശിക്ഷയുടെയും ലക്ഷണങ്ങളെന്ന് ഡോക്ടർമാർ

ഗാസ: ഗാസ സമാധാന കരാറിനെത്തുടർന്ന് ഇസ്രയേൽ അധികൃതർ ഗാസയിലേക്ക് തിരിച്ചയച്ച പലസ്തീനികളുടെ മൃതദേഹങ്ങളിൽ പലതിലും പീഡനത്തിന്റെയും വധശിക്ഷയുടെയും ലക്ഷണങ്ങൾ ഉണ്ടായിരുന്നുവെന്ന് ഡോക്ടർമാർ. കണ്ണുകെട്ടിയതും കൈകൾ കെട്ടിയതും തലയിൽ വെടിയേറ്റതുമായ മുറിവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നുണ്ടെന്നാണ് ഖാൻ യൂനിസിലെ നാസർ ആശുപത്രിയിലെ ഡോക്ടർമാർ വിശദമാക്കുന്നത്.

പോരാട്ടത്തിൽ കൊല്ലപ്പെട്ട 45 പലസ്തീനികളുടെ മൃതദേഹങ്ങളാണ് ഇസ്രായേൽ കൈമാറിയത്. ഇൻറർനാഷണൽ കമ്മിറ്റി ഓഫ് റെഡ് ക്രോസ് (ഐസിആർസി) വഴിയായിരുന്നു മൃതദേഹങ്ങൾ കൈമാറിയത്.

തിരിച്ചറിയൽ രേഖകൾ ഇല്ലാതെയാണ് ഇസ്രായേലി അധികൃതർ മൃതദേഹങ്ങൾ കൈമാറിയതെന്നും മരിച്ചത് ആരാണെന്ന് ഇസ്രയേലിന് അറിയാമെന്നും എന്നാൽ തിരിച്ചറിയാൻ കൂടുതൽ കഷ്ടപ്പെടണനമെന്നാണ് ഇസ്രയേൽ ആഗ്രഹിക്കുന്നതെന്നും നാസർ ആശുപത്രിയിലെ ഡോ. അഹമ്മദ് അൽ-ഫറ വിശദീകരിച്ചു. രണ്ട് വർഷത്തെ യുദ്ധത്തിൽ ഗാസയിലെ ആശുപത്രികൾക്ക് ഡിഎൻഎ വിശകലനം നടത്താൻ യാതൊരു മാർഗവുമില്ലെന്നും ഫറ കൂട്ടിച്ചേർത്തു.

കൊല്ലപ്പെടുന്നതിന് മുമ്പ് അവരെ മർദിച്ചതായി കാണിക്കുന്ന പാടുകളും ചർമ്മത്തിന്റെ നിറം മങ്ങിയ പാടുകളും മൃതദേഹങ്ങളിൽ ഉണ്ടായിരുന്നു. കൊല്ലപ്പെട്ട ശേഷം അവരുടെ മൃതദേഹങ്ങൾ പീഡിപ്പിക്കപ്പെട്ടതിന്റെ അടയാളങ്ങളും ഉണ്ടായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ വിശദമാക്കുന്നത്.

# റഷ്യൻ എണ്ണ ഇറക്കുമതി ഇന്ത്യ നിർത്തും; മോദി ഉറപ്പുനൽകിയെന്ന് ട്രംപ്

വാഷിംഗ്ടൺ ഡിസി: റഷ്യയെ സാമ്പത്തികമായി ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതി ഇന്ത്യ നിർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പുനൽകിയെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. എന്നാൽ വാഷിംഗ്ടണിലെ ഇന്ത്യൻ എംബസി ഇത് സംബന്ധിച്ച് പ്രതികരിച്ചില്ലെന്ന് വാർത്താ ഏജൻസി റിപ്പോർട്ടു ചെയ്തു.

കയറ്റുമതി ഉടനടി നിർത്താൻ ഇന്ത്യക്ക് കഴിയില്ലെന്നും ഇതിന് ചെറിയ പ്രക്രിയ ഉണ്ടെന്നും എന്നാൽ ആ പ്രക്രിയ ഉടൻ അവസാനിക്കുമെന്നും ട്രംപ് പറഞ്ഞു. റഷ്യൻ എണ്ണ വാങ്ങുന്നത് നിർത്താൻ ഇനി ചൈനയെയും ഞങ്ങൾ പ്രേരിപ്പിക്കുമെന്ന് വൈറ്റ് ഹൗസിൽ മാധ്യമങ്ങളോട് ട്രംപ് പറഞ്ഞു. യുക്രെയ്നുമായുള്ള യുദ്ധം തുടരുന്ന റഷ്യയുടെ എണ്ണയിൽ നിന്നുള്ള വരുമാനം തടയാൻ യുഎസ് ശ്രമങ്ങൾ ശക്തമാക്കിയ സാഹചര്യത്തിൽ റഷ്യൻ എണ്ണ വാങ്ങുന്നത് നിർത്താൻ ഇന്ത്യ തീരുമാനിച്ചാൽ റഷ്യൻ എണ്ണ ഇപ്പോഴും ഇറക്കുമതി ചെയ്യുന്ന മറ്റു രാജ്യങ്ങളെയും ഇതു സ്വാധീനിച്ചേക്കാം.

# മഹാസഖ്യത്തിൽ സീറ്റ് വിഭജനം പോലും പൂർത്തിയായിട്ടില്ല; ബിഹാറിൽ എൻഡിഎയ്ക്ക് തന്നെയായിരിക്കും വിജയം: ദിലീപ് ജയ്സ്വാൾ

പാറ്റ്ന: അടുത്ത മാസം നടക്കാനിരിക്കുന്ന ബിഹാർ നിയമസഭ തെരഞ്ഞെടുപ്പിൽ എൻഡിഎ തന്നെയായിരിക്കും വിജയിക്കുകയെന്ന് ബിഹാർ ബിജെപി അധ്യക്ഷൻ ദിലീപ് ജയ്സ്വാൾ. ജനങ്ങൾ എൻഡിഎയ്ക്കൊപ്പമാണെന്നും അദ്ദേഹം പറഞ്ഞു.

'എൻഡിഎയിൽ സീറ്റ് വിഭജനം പൂർത്തിയായി. ഞങ്ങൾ ഒറ്റക്കെട്ടാണ്. എല്ലാ സഖ്യകക്ഷികൾക്കും അർഹമായ പരിഗണന നൽകാനായി. നീതിഷിന്റെ നേതൃത്വത്തിൽ സഖ്യം വൻ വിജയം നേടും. '- ദിലീപ് ജയ്സ്വാൾ അവകാശപ്പെട്ടു. 'എന്നാൽ മഹാസഖ്യത്തിൽ കാര്യങ്ങൾ ശുഭകരമല്ല. സീറ്റ് വിഭജനം പോലും അവർക്ക് പൂർത്തിയാക്കാനായിട്ടില്ല. കോൺഗ്രസും ആർഡെജിയും തമ്മിൾ പോലും തർക്കത്തിലാണ്. മുകേഷ് സാഹ്നിയുടെ വിഐപിയെ അവർ അവഗണിക്കുകയാണ്. '-ദിലീപ് ജയ്സ്വാൾ കുറ്റപ്പെടുത്തി. 'മഹാസഖ്യത്തിന്റെ ഇത്തരത്തിലുള്ള രീതികൾ ജനങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. അവർ ഇപ്പോൾ തന്നെ എൻഡിഎയ്ക്ക് അനുകൂലമായി വോട്ട് ചെയ്യാൻ ഒരുങ്ങി കഴിഞ്ഞു. അതുകൊണ്ട് ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഭൂരിപക്ഷത്തിലായിരിക്കും എൻഡിഎയുടെ വിജയം. '- ബിഹാർ ബിജെപി അധ്യക്ഷൻ പറഞ്ഞു.

നവംബറിൽ രണ്ട് ഘട്ടങ്ങളിലായാണ് ബിഹാറിൽ തെരഞ്ഞെടുപ്പ് നടക്കുക. നവംബർ ആറിന് ആദ്യഘട്ടവും 11ന് രണ്ടാം ഘട്ടവും നടക്കും. 14നാണ് വോട്ടെണ്ണൽ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കേരള തയ്യൽ തൊഴിലാളി ക്ഷേമിനിധി ബോർഡിന്റെ എ ഐ മൊബൈൽ ആപ്പിന്റെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു

# തയ്യൽ തൊഴിലാളി മേഖലയിൽ സമഗ്ര മുന്നേറ്റം ലക്ഷ്യം : മന്ത്രി വി ശിവൻകുട്ടി

തയ്യൽ തൊഴിലാളി മേഖലയിൽ ക്ഷേമനിധി ബോർഡിലൂടെ നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നും തൊഴിലാളികളുടെ സമഗ്രമായ മുന്നേറ്റത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. കേരള തയ്യൽ തൊഴിലാളി ക്ഷേമിനിധി ബോർഡിന്റെ നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ഉദ്ഘാടനവും ആനുകൂല്യ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും ടാഗോർ തിയേറ്ററിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.കുടിശ്ശിക നിവാരണവും അധിക വരുമാനവും ഉൾപ്പടെ തൊഴിൽ മേഖലയിൽ സമഗ്രമായ പരിഷ്‌ക്കാരങ്ങൾ സർക്കാർ നടപ്പിലാക്കി വരികയാണ്. സമ്പൂർണമായ ക്ഷേമ വ്യവസ്ഥയിലേക്ക് കടക്കുവാൻ കുടിശ്ശിക നിവാരണം അത്യന്താപേക്ഷിതമാണ്. അതിനാൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കുടിശ്ശിക നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണ്. പുതിയ മൊബൈൽ ആപ്പിന്റെ സേവനം ഉപയോഗിച്ച് കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ നേരിട്ട് തൊഴിലാളികളുടെ ഫോണിലേക്ക് എത്തിക്കുകയും അതുവഴി അംശാദായ കളക്ഷനിൽ കാര്യമായ പുരോഗതി ഉറപ്പാക്കുകയും ചെയ്യും. ഈ നടപടിയിലൂടെ പ്രതിവർഷം ബോർഡിന് കോടിക്കണക്കിന് രൂപയുടെ അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആപ്പിലൂടെ ബോർഡിന്റെ പ്രവർത്തനത്തിൽ സ്വാതന്ത്ര്യവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിയും. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ഡിജിറ്റൽവത്കരിച്ച് തൊഴിലാളികൾക്ക് സേവനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനായുള്ള ചുവടുവയ്പ്പാണ് മൊബൈൽ ആപ്പിലൂടെ സാധ്യമാകുന്നതെന്ന് മന്ത്രി പറഞ്ഞു.മൂന്ന് ലക്ഷത്തിലധികം വരുന്ന അംഗങ്ങളുടെയും ഒരു ലക്ഷത്തിലധികം വരുന്ന പെൻഷൻകാരുടെയും ജീവിതത്തിൽ ആശ്വാസവും സംരക്ഷണവും തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിലൂടെ സാധ്യമാകുന്നുണ്ട്. വിവാഹാനുകൂല്യം, പെൻഷൻ, മെഡിക്കൽ സഹായം, സ്‌കോളർഷിപ്പ് തുടങ്ങി നിരവധി ആനുകൂല്യങ്ങൾ ബോർഡിലൂടെ എത്തിച്ചുകൊണ്ടിരിക്കുന്നതിൽ സർക്കാർ അഭിമാനിക്കുന്നതായും മന്ത്രി പറഞ്ഞു.അംശാദായ കുടിശ്ശിക വിതരണം ഡിജിറ്റൽ ട്രാൻസാക്ഷൻ നടത്തി മന്ത്രി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ജില്ലയിലെ 50 ഗുണഭോക്താക്കൾക്ക് വ്യത്യസ്ത ഇനങ്ങളിലായി 10 ലക്ഷത്തിലധികം രൂപയുടെ ധനസഹായം ചടങ്ങിൽ വിതരണം ചെയ്തു.

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർപേഴ്‌സൺ എലിസബത്ത് അസീസി അധ്യക്ഷത വഹിച്ച ചടങ്ങിൽ ബോർഡിന്റെ ചീഫ് എക്‌സിക്യൂട്ടീവ് ഓഫീസർ രഞ്ജിത്ത് പി മനോഹർ സ്വാഗതം ആശംസിച്ചു. ബോർഡ് അംഗങ്ങളായ ഇ ജി മോഹനൻ, സുന്ദരൻ കുന്നത്തുള്ളി, കെ കെ ഹരിക്കുട്ടൻ, സതികുമാർ, ബിന്ദു സി, ലിയ ലത്തീഫ് തുടങ്ങിയവർ സന്നിഹിതരായി.

# പീഡിപ്പിച്ചത് നിതീഷ് മുരളീധരൻ; ആർഎസ്എസിനെതിരെ കുറിപ്പെഴുതി ജീവനൊടുക്കിയ അനന്തുവിന്റെ മരണമൊഴി പുറത്ത്

കോട്ടയം: ആർഎസ്എസ് ക്യാമ്പിൽ പീഡനത്തിനിരയായി എന്ന് പോസ്റ്റിട്ട ശേഷം ജീവനൊടുക്കിയ കാഞ്ഞിരപ്പള്ളി വഞ്ചിമല ചാമക്കാലായിൽ അനന്തു അജിയുടെ വീഡിയോ സന്ദേശം പുറത്ത്.

മരണമൊഴി എന്ന പേരിൽ ഇൻസ്റ്റഗ്രാമിൽ ഷെഡ്യൂൾ ചെയ്ത വീഡിയോ ആണ് പുറത്തുവന്നിരിക്കുന്നത്. എന്തിനായിരിക്കും ആത്മഹത്യ ചെയ്തതെന്ന് ഈ വീഡിയോ കാണുമ്പോൾ നിങ്ങൾക്ക് വ്യക്തമാകുമെന്നു പറഞ്ഞാണ് വീഡിയോ തുടങ്ങുന്നത്.

ഒരിക്കലും ആർഎസ്എസുകാരുമായി ഇടപെഴകരുതെന്നും സോ-കോൾഡ് സംഗികൾ ആയ അവർ പീഡകരാണെന്നും വീഡിയോയിൽ പറയുന്നു.

അവരുടെ ഐടിസി ക്യാമ്പുകളിലും ഒടിസി ക്യാമ്പുകളിലും വച്ച് താൻ മാനസികമായും ശാരീരികമായും ലൈംഗീകമായും പീഡനം അനുഭവിച്ചിട്ടുണ്ടെന്നും വീഡിയോയിൽ വെളിപ്പെടുത്തുന്നുണ്ട്.

അവർ കുട്ടികളെ ലൈംഗീകമായി പീഡിപ്പിക്കുന്നുണ്ടെന്നും പലരും അത് തുറന്നു പറയാത്തതാണെന്നും യുവാവ് പറയുന്നു.

ചെറുപ്രായത്തിലേ വീടിനടുത്തുള്ള ഒരാൾ തന്നെ തുടർച്ചയായി ലൈംഗീകമായി പീഡിപ്പിക്കുന്നുണ്ടായിരുന്നു എന്നും വീഡിയോയിൽ വെളിപ്പെടുത്തലുണ്ട്. എല്ലാവരും കണ്ണൻ എന്നു വിളിക്കുന്ന നിതീഷ് മുരളീധരൻ എന്നയാളാണ് തന്നെ പീഡിപ്പിച്ച ആളുടെ പേരെന്നും യുവാവ് പറഞ്ഞു.

നിരന്തര പീഡനത്തെ തുടർന്ന് ഒസിഡി രോഗിയായെന്നും ഒസിഡിക്കായി തെറാപ്പിയും കഴിഞ്ഞ ആറു മാസമായി ആൻറി ഡിപ്രസൻറ്സ് അടക്കം മൊത്തം ഏഴു കൂട്ടം ഗുളികകൾ താൻ കഴിക്കുന്നുണ്ടെന്നും വീഡിയോയിൽ പറയുന്നുണ്ട്.

തന്നെ അബ്യൂസ് ചെയ്ത ആൾ വിവാഹം കഴിച്ച് സുഖമായി ജീവിക്കുകയാണെന്നും യുവാവ് വെളിപ്പെടുത്തി.

അതേസമയം, കേസിൽ കൂടുതൽ വകുപ്പുകൾ ചുമത്തുന്നതിനു മുൻപു കാര്യങ്ങൾ വിശദമായി അന്വേഷിക്കേണ്ടതുണ്ടെന്നു കമ്മിഷണർ തോംസൺ ജോസ് പറഞ്ഞു.

മൊബൈൽ ഫോൺ പരിശോധിച്ചപ്പോൾ ഇൻസ്റ്റഗ്രാമിൽ പറഞ്ഞ കാര്യങ്ങൾ അല്ലാതെ മറ്റൊന്നും കണ്ടെത്തിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ബുധനാഴ്ചയാണ് അനന്തുവിനെ തമ്പാനൂരിലെ ഹോട്ടലിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

# പാലക്കാട്ടെ വിദ്യാർഥിയുടെ ആത്മഹത്യ: സ്‌കൂളിൽ വൻ പ്രതിഷേധം; ഉപരോധവുമായി കെഎസ്‌യു

പാലക്കാട്: ഒൻപതാം ക്ലാസ് വിദ്യാർഥി ജീവനൊടുക്കിയ സംഭവത്തിൽ പാലക്കാട് സ്‌കൂളിന് മുന്നിൽ വൻ പ്രതിഷേധം.

കണ്ണാടി ഹയർ സെക്കൻഡറി സ്‌കൂളിലാണ് പ്രതിഷേധം നടക്കുന്നത്. പ്രിൻസിപ്പലിനെ ഉപരോധിച്ച് കെഎസ്‌യു പ്രവർത്തകർ മുദ്രാവാക്യം വിളിക്കുകയാണ്. അതേസമയം, ആരോപണവിധേയായ അധ്യാപികയെ പിന്തുണച്ച് വിദ്യാർഥികളും സ്‌കൂൾ അധികൃതരും രംഗത്തെത്തി.

സാധാരണ അധ്യാപകർ വിദ്യാർഥികളെ ശകാരിക്കുന്നതുപോലെ മാത്രമാണ് അധ്യാപിക അർജുനെ ശകാരിച്ചതെന്നും മരിച്ച വിദ്യാർഥിക്ക് വീട്ടിൽ നിന്നും സമ്മർദമുണ്ടായിരുന്നുവെന്നും പ്രിൻസിപ്പൽ പറഞ്ഞു. കുട്ടിയെ അമ്മാവൻ മർദിച്ചുവെന്നും ഇവർ കൂട്ടിച്ചേർത്തു.

സ്‌കൂളിൽ നടന്ന കാര്യങ്ങൾക്ക് പിന്നിലെ വാസ്തവം എന്താണെന്ന് അറിയാത്തവരാണ് പ്രശ്നമുണ്ടാക്കുന്നതെന്ന് ഒരു വിദ്യാർഥി പ്രതികരിച്ചു.

ഒൻപതാം ക്ലാസ് വിദ്യാർഥിയായ അർജുൻ(14)ആണ് വീട്ടിൽ ജീവനൊടുക്കിയത്. ക്ലാസിലെ അധ്യാപിക അർജുനെ നിരന്തരം മാനസികമായി പീഡിപ്പിച്ചുവെന്നാണ് കുടുംബത്തിന്റെ ആരോപണം.

ഇൻസ്റ്റഗ്രാമിൽ കുട്ടികൾ തമ്മിൽ മെസേജ് അയച്ചതിന് അധ്യാപിക അർജുനെ ഭീഷണിപ്പെടുത്തിയെന്നാണ് കുടുംബം പറയുന്നത്. സൈബർ സെല്ലിൽ പരാതി നൽകുമെന്നും ജയിലിലിടുമെന്നും അധ്യാപിക ഭീഷണിപ്പെടുത്തിയെന്നും കുടുംബം ആരോപിക്കുന്നു.

# സ്ത്രീ സുരക്ഷിത കേരളം ലക്ഷ്യം: മന്ത്രി വീണാ ജോർജ്

## ഗ്രാമ-നഗരങ്ങളിൽ ജെൻഡർ സെൻസിറ്റീവ് പ്ലാനിംഗ്;സുരക്ഷിത നഗരങ്ങളും സുരക്ഷിത ഗ്രാമങ്ങളും

## വിഷൻ 2031: വനിതാ- ശിശുസംരക്ഷണ ദർശനരേഖ അവതരിപ്പിച്ചു

സ്ത്രീ സുരക്ഷിത കേരളം ലക്ഷ്യമെന്ന് ആരോഗ്യ, വനിതാ-ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. സുരക്ഷിത നഗരങ്ങളും സുരക്ഷിത ഗ്രാമങ്ങളുമാണ് ലക്ഷ്യമിടുന്നത്. ഗ്രാമ പ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും ജെൻഡർ സെൻസിറ്റീവ് പ്ലാനിംഗ് നടപ്പിലാക്കും. ജെൻഡർ പാർക്ക് ഇതിന് നേതൃത്വം നൽകും. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളോട് 'സീറോ ടോളറൻസ്' ഉള്ള സംസ്ഥാനമാകാനാണ് 2031ൽ കേരളം ലക്ഷ്യമിടുന്നത്.

ഇതിനുള്ള ഊർജിതമായ നടപടികൾ വനിതാ ശിശുവികസന വകുപ്പ് സ്വീകരിച്ചു വരുന്നതായും മന്ത്രി പറഞ്ഞു. സംസ്ഥാന വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരൂർ ബിയാൻകോ കാസിൽ ഹാളിൽ നടന്ന സംസ്ഥാന തല സെമിനാറിൽ വിഷൻ 2031 - ദർശനരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഗാർഹിക അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് തൊഴിലുറപ്പാക്കാനുള്ള പദ്ധതി ആവിഷ്‌കരിക്കും. വിജ്ഞാന കേരളവുമായി സഹകരിച്ച് നൈപുണിക പരിശീലനവും അതോടൊപ്പം ഉപജീവനം ഉറപ്പാക്കാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

അതിക്രമങ്ങൾക്കിരയാകുന്നവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഗാർഹിക പീഡനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് 77 സർവീസ് പ്രൊവൈഡർമാരെ കൂടി നിയോഗിച്ചിട്ടുണ്ട്. എൻ.ജി.ഒകളെ കൂടി ഇതിന്റെ ഭാഗമാക്കി. ആഭ്യന്തര വകുപ്പ് എല്ലാ ജില്ലകളിലും വനിതാ പൊലീസ് സ്റ്റേഷൻ തുടങ്ങുകയും പൊലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 11 ശതമാനത്തിലേക്ക് ഉയർത്തുകയും ചെയ്തു. അത് 50 ശതമാനത്തിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയൽ നിയമ പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും ആഭ്യന്തര സമിതികൾ രൂപീകരിച്ചു. 2026 ഓടെ എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ ഉറപ്പാക്കും. സ്ത്രീധന നിരോധന നിയമം പ്രകാരമുള്ള നടപടികൾക്ക് റീജ്യനൽ ഓഫീസുകൾക്ക് പകരം ജില്ലാ തലങ്ങളിൽ സംവിധാനം ഉണ്ടാക്കി. സ്ത്രീധനത്തിനെതിരെ കേരളത്തിന്റെ ജാഗ്രതയോടെയുള്ള പൊതുബോധം ശക്തമായ നിലപാടുകളെടുക്കണമെന്ന് മന്ത്രി പറഞ്ഞു.

തൊഴിലിടങ്ങളിൽ സ്ത്രീ പ്രാതിനിധ്യം വർധിപ്പിക്കാൻ വിഷൻ - 2031 ന്റെ ഭാഗമായി നടപടികളെടുക്കും. ഉന്നത വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളാണ് കൂടുതലെങ്കിലും തൊഴിൽ രംഗത്ത് ഈ പ്രാതിനിധ്യം കാണുന്നില്ല. ഇതിൽ മാറ്റം വേണം. ഇതിനായി സ്ത്രീകൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കൽ, തൊഴിലിടങ്ങളിൽ ക്രഷുകൾ പ്രൊമോട്ട് ചെയ്യൽ, സ്ത്രീകൾക്ക് വിവിധ തലങ്ങളിൽ തൊഴിൽ പരിശീലനം തുടങ്ങിയവ ലക്ഷ്യമിടുന്നു. 2031 നകം എല്ലാ തൊഴിലിടങ്ങളിലും കുഞ്ഞുങ്ങൾക്കായുള്ള ക്രഷുകൾ ഉണ്ടാക്കാൻ പുതിയ ക്രഷ് നയം രൂപീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

സ്ത്രീകളുടെ മാനസിക - ശാരീരിക ആരോഗ്യ സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ, ദുരന്ത മുഖത്ത് സ്ത്രീകളെ സജ്ജരാക്കുന്നതിന് ദുരന്ത നിവാരണ വകുപ്പുമായി സഹകരിച്ച് പരിശീലനം, എല്ലാ സ്‌കൂളുകളിലും ധീര സ്വയം പ്രതിരോധ സംവിധാനം, കുട്ടികളുടെ മാനസിക - ശാരീരിക വളർച്ചയ്ക്കായുള്ള നടപടികൾ, കുട്ടി സൗഹൃദ വീടുകൾ, പാരന്റിംഗ് ക്ലിനിക്കുകൾ, സ്‌കൂൾ കൗൺസിലേഴ്‌സ് ശാക്തീകരണം തുടങ്ങിയ പദ്ധതികളും വിഷൻ 2031 ന്റെ ഭാഗമായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായി മന്ത്രി പറഞ്ഞു.

കുറുക്കോളി മൊയ്തീൻ എംഎൽഎ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. വനിതാ-ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് വകുപ്പിന്റെ കഴിഞ്ഞ ദശകത്തിലെ നേട്ടങ്ങൾ അവതരിപ്പിച്ചു.

വനിതാ ശാക്തീകരണം - തൊഴിൽ പ്രാതിനിധ്യം എന്ന വിഷയത്തിൽ വനിത വികസന കോർപറേഷൻ ചെയർപേഴ്‌സൺ റോസക്കുട്ടി ടീച്ചർ, സ്ത്രീ സൗഹൃദ കേരളം എന്ന വിഷയത്തിൽ വനിതാ കമ്മീഷൻ അധ്യക്ഷ പി. സതീദേവി, ബാല സുരക്ഷിത കേരളം എന്ന വിഷയത്തിൽ ബാലഗോപാൽ ഐഎഎസ് (റിട്ട), ശിശു വികസനം കേരള മാതൃക 2031 എന്ന വിഷയത്തിൽ മുൻ പ്ലാനിംഗ് ബോർഡ് അംഗം മൃദുൽ ഈപ്പൻ എന്നിവർ മോഡറേറ്ററായി ചർച്ചകൾ നടന്നു.

# ജീവനേകാം ജീവനാകാം:

## അമൽ ബാബുവിന്റെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും

### 4 അവയവങ്ങൾ ദാനം ചെയ്തു

വാഹനാപകടത്തെ തുടർന്ന് മസ്തിഷ്‌ക മരണം സംഭവിച്ച അമൽ ബാബുവിന്റെ ഹൃദയം ഇനി മറ്റൊരാളിൽ മിടിക്കും. എറണാകുളം ലിസി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മലപ്പുറം പൊന്നാനി സ്വദേശിയായ 33കാരനിലാണ് ഹൃദയം മിടിക്കുക. തിരുവനന്തപുരം, മലയിൻകീഴ്, തച്ചോട്ട്കാവ് സ്വദേശി അമൽ ബാബുവിന്റെ (25) ഹൃദയം ഉൾപ്പടെയുള്ള 4 അവയങ്ങളാണ് ദാനം ചെയ്തത്. ഹൃദയം, കരൾ, രണ്ട് വൃക്കകൾ എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്, മറ്റൊരു വൃക്കയും കരളും തിരുവനന്തപുരം കിംസ് ആശുപത്രിയിലെ രോഗികൾക്കാണ് നൽകിയത്.തീവ്രദുഃഖത്തിലും അവയവം ദാനം ചെയ്യാൻ സന്നദ്ധരായ ബന്ധുക്കളെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. അമൽ ബാബുവിന് ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും മന്ത്രി പറഞ്ഞു. അവയവ വിന്യാസം വേഗത്തിലാക്കിയ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ സോട്ടോ), പോലീസ് സേന, ജില്ലാ ഭരണകൂടങ്ങൾ, ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ, ആംബുലൻസ് ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങിയ എല്ലാവർക്കും മന്ത്രി നന്ദി അറിയിച്ചു.മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം അവയവങ്ങൾ എത്രയും പെട്ടെന്ന് അതാത് ആശുപത്രികളിൽ എത്തിക്കാൻ കെ-സോട്ടോ നടപടി സ്വീകരിച്ചു.

എറണാകുളത്ത് എത്രയും പെട്ടെന്ന് ഹൃദയം എത്തിക്കാൻ മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ആഭ്യന്തര വകുപ്പിന്റെ ഹെലികോപ്റ്റർ ആണ് ഉപയോഗിച്ചത്. റോഡ് മാർഗമുള്ള ഗതാഗതവും പോലീസ് ക്രമീകരിച്ചിരുന്നു. കെ സോട്ടോയുടെ നേതൃത്വത്തിലാണ് അവയവ കൈമാറ്റ നടപടിക്രമങ്ങളും ഏകോപനവും നടന്നത്.ഈഞ്ചക്കലിൽ സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുകയായിരുന്ന അമൽ ഒക്ടോബർ 12ന് രാത്രി ഒൻപതിന് ജോലി ചെയ്തു മടങ്ങുമ്പോൾ കുണ്ടമൺ കടവിന് സമീപം അമൽ സഞ്ചരിച്ച ബൈക്ക് എതിർ വശത്ത് നിന്ന് വന്ന കാറുമായി കൂട്ടി ഇടിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ അമലിനെ ഉടൻ തന്നെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുകയുമായിരുന്നു. ഒക്ടോബർ 15ന് മസ്തിഷ്‌ക മരണം സ്ഥിരീകരിച്ചതിനെ തുടർന്ന് കുടുംബാംഗങ്ങൾ അവയവദാനത്തിന് സന്നദ്ധരാവുകയായിരുന്നു. അച്ഛൻ എ. ബാബു (റിട്ട. എസ്.ഐ), അമ്മ ഷിംല ബാബു, സഹോദരി ആര്യ എന്നിവരാണ് അമൽ ബാബുവിന്റെ കുടുംബാംഗങ്ങൾ.

## മലദ്വാരത്തിൽ ഒളിപ്പിച്ച നിലയിൽ എംഡിഎംഎ; ബംഗളൂരുവിൽ നിന്നെത്തിയ യുവാവ് പിടിയിൽ

.കൊല്ലം: കൊട്ടാരക്കരയിൽ മലദ്വാരത്തിൽ ഒളിപ്പിച്ചു കടത്തിയ എംഡിഎംഎയുമായി യുവാവ് പിടിയിലായി. അഞ്ചൽ ചന്തമുക്ക് സ്വദേശി അഭയ് ആണ് കൊല്ലം റൂറൽ ഡാൻസ് ടീമിന്റെ പിടിയിലായത്. ബംഗളൂരുവിൽ നിന്നും മലദ്വാരത്തിൽ ഒളിപ്പിച്ചാണ് 25കാരനായ ഇയാൾ എംഡിഎംഎ കേരളത്തിലേക്ക് കടത്തിയത്. രഹസ്യ വിവരത്തേ തുടർന്ന് കൊട്ടാരക്കരയിൽ വച്ചാണ് ഡാൻസാഫ് സംഘം ഇയാളെ പിടികൂടിയത്. പ്രതിയെ കൊട്ടാരക്കര ആശുപത്രിയിൽ വച്ചു പരിശോധനക്ക് വിധേയമാക്കി. ജില്ലയിലൂടനീളം ലഹരിയുമായി ബന്ധപ്പെട്ട കർശന പരിശോധന നടക്കുമെന്ന് കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി വിഷ്ണു പ്രദീപ് അറിയിച്ചു.

## ദീപാവലി: ഡൽഹിയിൽ ഹരിതപടക്കങ്ങൾ ഉപയോഗിക്കാൻ അനുമതി

ന്യൂഡൽഹി: ഡൽഹിയിൽ ദീപാവലിക്ക് ഹരിതപടക്കങ്ങൾ ഉപയോഗിക്കാൻ അനുമതി നൽകി സുപ്രീംകോടതി. അന്തരീക്ഷ മലിനീകരണം രൂക്ഷമായ ഡൽഹിയിൽ ചില ഉപാധികളോടെയാണു പരമോന്നത കോടതി താരതമ്യേന കുറഞ്ഞ മലിനീകരണത്തിനു കാരണമാകുന്ന ഹരിതപടക്കങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നത്. ഈ മാസം 20നാണ് ദീപാവലി ആഘോഷം എന്നിരിക്കെ 18നും 21നുമിടയ്ക്കു തലസ്ഥാനനിവാസികൾക്ക് ഹരിതപടക്കം പൊട്ടിക്കാമെന്ന് കോടതി പറഞ്ഞു. മേൽക്കോടതിയുടെ ഉത്തരവനുസരിച്ച് രാവിലെ ആറു മുതൽ ഏഴു വരെയും രാത്രി എട്ടു മുതൽ പത്തു വരെയുമാണ് പടക്കം പൊട്ടിക്കാനുള്ള അനുമതി. ഓൺലൈൻ വെബ്സൈറ്റുകളിൽ ലഭ്യമല്ലാത്ത ഹരിതപടക്കങ്ങൾ ചില തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മാത്രമേ വില്പനയുള്ളൂ. ഇത്തരത്തിൽ വില്പന നടത്തുന്ന ഹരിത പടക്കങ്ങൾക്കെല്ലാം പച്ച ലോഗോയും ക്യൂആർ കോഡുമുണ്ടാകും. പ്രത്യേക പട്രോളിംഗ് ടീമുകൾ ഹരിത പടക്കങ്ങൾ വിൽക്കുന്ന എല്ലാ സ്ഥലങ്ങളും സന്ദർശിക്കുകയും പടക്കങ്ങളിലെ ക്യൂആർ കോഡുകൾ സ്കാൻ ചെയ്ത് ആധികാരികത ഉറപ്പുവരുത്തുയും ചെയ്യും.

# അറിവ് പകരുക മാത്രമല്ല വഴികാട്ടി കൂടിയാവണം അദ്ധ്യാപകർ: മന്ത്രി വി ശിവൻകുട്ടി

കേവലം അറിവ് പകർന്നു നൽകുന്ന ഒരാൾ മാത്രമല്ല മികച്ച വഴികാട്ടി കൂടിയാവണം അദ്ധ്യാപകരെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി.

കുട്ടികളുടെ ചിന്തകളെ ഉത്തേജിപ്പിക്കുന്ന, അവരുടെ സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്ന . പുതിയ സാങ്കേതികവിദ്യകളെയും പഠനരീതികളെയും സ്വായത്തമാക്കി, ലോകത്തിന്റെ ഏത് കോണിലുമുള്ള വിദ്യാർത്ഥികളോടും കിടപിടിക്കാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കേണ്ട ഉത്തരവാദിത്തം ഓരോ അദ്ധ്യാപകർക്കുമുണ്ടെന്നും മന്ത്രി പറഞ്ഞു.

മണക്കാട് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പണികഴിപ്പിച്ച പുതിയ ബഹുനില മന്ദിരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒരു തലമുറയെ വാർത്തെടുക്കുന്ന ശില്പികളെ രൂപപ്പെടുത്തുന്ന പുണ്യസ്ഥലമാണ്. ക്ലാസ് മുറികളിൽ അദ്ധ്യാപകർ പകരുന്ന അറിവും മൂല്യങ്ങളുമാണ് സമൂഹത്തിന്റെ നട്ടെല്ലായി മാറുന്നത്. മാറുന്ന ലോകത്തിനനുസരിച്ച് അദ്ധ്യാപന രീതികളിലും വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു .

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പോലുള്ള പദ്ധതികളിലൂടെ നമ്മുടെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള പരിശ്രമത്തിലാണ് സർക്കാർ. അതിന്റെ ഭാഗമായി ആയിരക്കണക്കിന് കോടി രൂപയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നീക്കിവെക്കുന്നതെന്നും മന്ത്രി അറിയിച്ചു.

ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൗൺസിലർ വി.ഹരികുമാർ, ജില്ല സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കരമന ഹരി, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.